# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ. 5753 | 2019 നവംബർ 19-ലെ മറുപടിക്ക് |
|---|---|

**<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന</u>**

| <u>ചോദ്യം</u><br>ശ്രീ. ഡി.കെ. മുരളി | <u>മറുപടി</u><br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **(എ)** 2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയതിൽ ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് അറിയിക്കാമോ; | 2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ 265 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | |
| **(സി)** അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം

**2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | ക്രമക്കേടുകൾ കണ്ടെത്തിയ ഓഫീസിന്റെ പേര് | കണ്ടെത്തിയ ക്രമക്കേടുകളുടെ സംക്ഷിപ്ത വിവരം | ക്രമക്കേടുകളിന്മേൽ സ്വീകരിച്ച നടപടികൾ | റിമാർക്സ് |
|---|---|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം റസ്റ്റ് ഹൗസുകൾ | ശ്രീ ജോമോൻ പുത്തൻ പുരയ്ക്കൽ എന്ന വ്യക്തി എറണാകുളം, തിരുവനന്തപുരം റസ്റ്റ്ഹൗസുകളിൽ താമസിച്ച കാലയളവിൽ ചട്ടപ്രകാരം വാടക നൽകാത്തതു മൂലവും, 01.12.2008 മുതൽ 23.06.2016 വരെയുള്ള കാലയളവിൽ എറണാകുളം റസ്റ്റ്ഹൗസിലെ 17-ാം നമ്പർ AC മുറിയിൽ അനധികൃതമായും, സ്ഥിരമായും താമസിച്ച വകയിൽ നിയമാനുസൃത വാടക നൽകാത്തത് മൂലവും താഴെപ്പറയും പ്രകാരം പൊതുഖജനാവിന് **13,69,570/-** നഷ്ടമുണ്ടായതായി കണ്ടെത്തി. | ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ സർക്കാരിലേക്ക് ഒടുക്കാനുള്ള **13,69,570/-** രൂപ സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ടിയാനിൽ നിന്നും ഈടാക്കുന്നതിനും, റസ്റ്റ്ഹൗസിൽ അനധികൃതമായി സ്ഥിരതാമസം തരപ്പെടുത്തിയെടുത്തതിന് ഇന്ത്യൻ പീനൽ കോഡിലെ ബന്ധപ്പെട്ട സെക്ഷനുകൾ പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനും, രേഖകളിൽ കൃത്രിമം കാണിക്കുകയും, മേലധികാരികളിൽ നിന്നും വസ്തുതകൾ മറച്ചു വെയ്ക്കുകയും ചെയ്ത പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും ശിപാർശ ചെയ്തു. | കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു |
| 2 | പത്മനാഭപുരം കൊട്ടാരം, തക്കല | ആഭ്യന്തര പരിശോധന റിപ്പോർട്ട് ലഭ്യമായതിനു ശേഷവും വരുമാനം പൂർണ്ണമായും ട്രഷറിയിലൊടുക്കാതെയും, ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കാതെയും ചട്ടവിരുദ്ധമായി 2,26,023/- രൂപ ട്രഷറിയിലൊടുക്കാതെ കൈവശം വച്ചതായി കണ്ടെത്തി. | പത്മനാഭപുരം കൊട്ടാരം ചാർജ്ജ് ഓഫീസർ ശ്രീ. ആർ. രാജേഷിനെ സർവ്വീസിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു | " |
| 3 | പൊതുമരാമത്ത് (റോഡ്സ്) ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇടുക്കി | 11.12.2011-ലെ 11/2011-mw നമ്പർ പരിപത്രത്തിന് വിരുദ്ധമായി ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തികൾ ചെയ്ത് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാക്കി. | പ്രസ്തുത പ്രവൃത്തികൾ നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. സി.കെ. പ്രസാദ്, എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. ഹരീഷ് കുമാർ സി.കെ എന്നീ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| **4** | കേരള കയർ തൊഴിലാളിക്ഷേമനിധി ബോർഡ് ആസ്ഥാന കാര്യാലയം, ആലപ്പുഴ | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിലുള്ള ചുമതലകളും, കർത്തവ്യങ്ങളും കൃത്യമായി നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുക, നിലവിലുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും, ചട്ടങ്ങളും മറികടന്ന്കൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുക, പെൻഷൻ വിതരണത്തിനായി സർക്കാർ അനുവദിച്ച തുകയിൽ നിന്നും **5,72,96,287/-** രൂപ വക മാറ്റി എസ്.ബി.റ്റി.യിലും, ഇന്ത്യൻ ഓവർസീസ് ബാങ്കിലുമായി സ്ഥിരനിക്ഷേപമാക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. | അന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ പേഴ്സണൽ മാനേജരുമായ ശ്രീ. എം. അബ്ദുൾ സലീമിനെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും, ചട്ടവിരുദ്ധവും സ്വജനപക്ഷപാതപരവും ആയ പ്രവർത്തികളിൽ മുൻ ചെയർമാൻ ശ്രീ. എ.കെ. രാജൻ, മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. എം. അബ്ദുൾ സലീം എന്നിവരുടെ പങ്കിനെ കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന വിശദമായ പരിശോധന നടത്തുന്നതിനും, സ്ഥിരനിക്ഷേപങ്ങളായി പെൻഷൻ വിതരണത്തിനായി സർക്കാർ അനുവദിച്ച തുക നിക്ഷേപിച്ച തീയതി മുതൽ പിൻവലിച്ച തീയതി വരെ 18% പലിശ കണക്കാക്കി അന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. എം. അബ്ദുൾ സലീമിൽ നിന്നും ഈടാക്കുന്നതിനും ശിപാർശ ചെയ്തു. | ശ്രീ. എം. അബ്ദുൾ സലീമിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു |
| **5** | പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇടപ്പള്ളി, എറണാകുളം | കേസ് സംബന്ധമായ ഫയൽ കൈകാര്യം ചെയ്യുന്നതിലും, കോടതി വിധിപ്പകർപ്പ് യഥാസമയം നേടിയെടുക്കുന്നതിലും, സത്യവാങ്മൂലം സമർപ്പിക്കുന്നതിലും, വിധിന്യായം സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേക്ക് അറിയിക്കുന്നതിലടക്കമുള്ള ഗുരുതരമായ വീഴ്ച കാരണം **4,17,15,446/-** രൂപ സർക്കാർ ഖജനാവിന് നഷ്ടപ്പെടുന്ന സാഹചര്യം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സമയോചിതമായ ഇടപെടൽ മൂലം ഒഴിവായി. | കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ച വരുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള പൊതുമരാമത്ത് (കെട്ടിട വിഭാഗം) എറണാകുളം കാര്യാലയത്തിലെ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും അടിയന്തരമായി സസ്പെൻഡ് ചെയ്ത് കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു. | 3 ഡിവിഷണൽ അക്കൗണ്ടന്റുമാരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു. |
| **6** | പ്രാഥമികാരോഗ്യ കേന്ദ്രം, കാരോട് | എച്ച്.എം.സി. ഫണ്ടിൽ നിന്നും പണാപഹരണം നടത്തുക, ക്യാഷ് ബുക്ക്, കണ്ടിജന്റ്, എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൾ, വൗച്ചറുകൾ അടക്കമുള്ള ഓഫീസ് രേഖകൾ അനധികൃതമായി കടത്തിക്കൊണ്ടു പോവുക, അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുക, കാരോട് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻചാർജ്ജിന്റെ യൂസർ ഐ.ഡി. യും പാസ് വേഡും ഉപയോഗിച്ച് SPARK -ൽ തെറ്റായ രേഖപ്പെടുത്തലുകൾ നടത്തുക തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി. | കാരോട് പ്രാഥമികാരോഗ്യ കേന്ദ്രം മുൻ സീനിയർ ക്ലാർക്ക് ശ്രീമതി ലൗലി ചന്ദ്ര. വി.ആർ. നെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു. | ശ്രീമതി ലൗലി ചന്ദ്ര. വി.ആർ. നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു |

| | | | | |
|---|---|---|---|---|
| 7 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര തിരുവനന്തപുരം | മുൻകൂറായി പിൻവലിച്ച തുക യഥാസമയം ക്രമീകരിക്കാതിരിക്കുക, സ്വകാര്യ വാഹനം വാടകയ്ക്കെടുത്ത് സ്വകാര്യ യാത്രകൾക്ക് ഉപയോഗിച്ച് വ്യാജ ടൂർ ടാക്സി രസീതുകൾ മുഖേന വാടകയിനത്തിൽ തുക മാറിയെടുക്കുക, കമ്മീഷണറുടെ അറിവോ അംഗീകാരമോ ഇല്ലാതെയും, ആവശ്യകത പരിഗണിക്കാതെയും ഉയർന്ന നിരക്കിൽ സ്റ്റേഷനറി സാധനങ്ങൾ വാങ്ങി തീയതി രേഖപ്പെടുത്താത്ത invoice കളിന്മേൽ തുക മാറിയെടുക്കുക, ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യുക, ചട്ടവിരുദ്ധമായി ചികിത്സയ്ക്കായി തുക മാറിയെടുക്കുക തുടങ്ങി നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. | അംഗപരിമിതരുടെ സംസ്ഥാന കമ്മീഷണറേറ്റിൽ 01.10.2015 മുതൽ 28.09.2017 വരെ ഫിനാൻസ് ഓഫീസറായി ജോലി ചെയ്ത ശ്രീ ടെറേഷ്യസ്. എം. നെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അനന്തര അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന ശ്രീമതി റംലത്ത്. പി. യുടെ Last Pay Certificate രേഖപ്പെടുത്തലുകൾ വേണ്ടത്ര ശ്രദ്ധയോടു കൂടി കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി പതിമൂന്നോളം പിഴവുകൾ വരുത്തിയ കമ്മീഷണറേറ്റിലെ DDO ആയ ശ്രീമതി ഗീത എൻ. നെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും, രേഖകൾ വേണ്ടവിധം പരിശോധിക്കാതെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ തുക അനുവദിച്ചു നൽകുക, വാഹന വാടക അനുവദിച്ചു നൽകുക, ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്താതിരിക്കുക, ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനകളോട് നിസ്സഹകരിക്കുക തുടങ്ങിയ വീഴ്ചകൾക്ക് ഉത്തരവാദിയായ അംഗപരിമിതരുടെ സംസ്ഥാന കമ്മീഷണർ ഡോ. ഹരികുമാർ. ജി. യ്ക്ക് കർശന താക്കീത് നൽകുന്നതിനും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 8 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാലോട്, തിരുവനന്തപുരം | T.R.5 രസീത് യഥാസമയം നൽകാതെ തുക സ്വീകരിക്കുക, തുക യഥാസമയം ട്രഷറിയിൽ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാതിരിക്കുക, ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളിലെ നിജസ്ഥിതി ഉറപ്പു വരുത്താതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. | മെഡിക്കൽ ഓഫീസറായിരുന്ന ഡോ. ദിവ്യ വി.എസ് നെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തു. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 9 | എ.എം.എം.ഹൈസ്കൂൾ, പുളിക്കൽ, മലപ്പുറം | യു.പി.എസ്.എ. മാരായി ജോലി ചെയ്തുവരുന്ന ശ്രീമതി സുൾസില. എം.വി, ശ്രീമതി ഷിജി. പി, അറബിക് അറബിക് ലാംഗേജ് ടീച്ചറായി ജോലി ചെയ്തുവരുന്ന ശ്രീ. വാഹിദ്. കെ എന്നിവരുടെ നിയമനം സംബന്ധിച്ച നടപടികളിൽ ക്രമക്കേടുകളും, ദുരൂഹതയും ഉള്ളതായും, ആറാം പ്രവൃത്തി ദിവസം കുട്ടികളുടെ എണ്ണം പെരുപ്പിച്ചു കാണിക്കുന്നതിനു വേണ്ടി ക്രമക്കേടുകൾ നടത്തിയതായും ശ്രദ്ധയിൽപ്പെട്ടു. | യു.പി.എസ്.എ. നിയമനം സംബന്ധിച്ച് ക്രമക്കേടുകളുള്ളതിനാൽ നിയമന കാലയളവിൽ ടി ആളുകൾ സ്കൂളിൽ ജോലി നോക്കിയിരുന്നുവോ എന്നത് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിനും, ആറാം പ്രവൃത്തി ദിവസം കുട്ടികളുടെ എണ്ണം പെരുപ്പിച്ചു കാണിക്കുന്നതിനു വേണ്ടി ക്രമക്കേടുകൾ നടത്തിയ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ശോഭന. കെ യ്ക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 10 | ഗ്രാമപഞ്ചായത്ത്, ചെങ്കള | ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീമതി പി. സജിത കുമാരി പുനർ വിവാഹത്തിനു ശേഷം ഫാമിലി പെൻഷൻ ഇനത്തിൽ 26,503/- രൂപ അനധികൃതമായി കൈപ്പറ്റിയതായി കണ്ടെത്തി. | ശ്രീമതി പി. സജിത കുമാരി ഫാമിലി പെൻഷൻ ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനും, ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തു. | " |
| 11 | ഗവ. ഡെന്റൽ കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ വിവിധ ഫീസ് ഇനങ്ങളിലായി ലഭിച്ച തുക യഥാസമയം സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കാതിരിക്കുക, ക്യാഷ് ബുക്ക് കാലികമാക്കാതിരിക്കുക, തെറ്റായ കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുക എന്നീ ക്രമക്കേടുകൾ കണ്ടെത്തി. | ടി ക്രമക്കേടുകൾക്ക് ഉത്തരവാദിയായ സെക്ഷൻ ക്ലർക്ക് ശ്രീ. ബൈജു ഭവാനന്ദനെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിനും, ഇ-ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും തിരിച്ചടയ്ക്കാതെ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 70,640/- രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നതിനും ശിപാർശ ചെയ്തു. | " |
| 12 | താലൂക്കാഫീസ്, ദേവികുളം | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി യുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ. | ക്രമക്കേടുകൾക്ക് ഉത്തരവാദികളായ 2 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുവാനും, 5 ഉദ്യോഗസ്ഥരിൽ നിന്നും പിഴ (6,40,240/- രൂപ) ഈടാക്കുവാനും ശിപാർശ ചെയ്തു. | " |
| 13 | ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് & പുറക്കാട് ഗ്രാമപഞ്ചായത്ത് | ലോ കോസ്റ്റ് സാനിട്ടേഷൻ പദ്ധതി ക്രമക്കേടുകൾ സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. | ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയും പുറക്കാട് ഗ്രാമപഞ്ചായത്തിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തു. | " |
| 14 | ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം.) കണ്ണൂർ | സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ചതായി കണ്ടെത്തി. | ടി ക്രമക്കേടിന് കാരണക്കാരായ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർക്കെതിരെയും ഉത്തരവാദിത്വപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | " |
| 15 | കോർപ്പറേഷൻ ഓഫീസ്, കൊല്ലം | 02.06.2015-ലെ കത്ത് മുഖാന്തിരം 10 ദിവസനത്തിനകം വാഹനം കൈമാറാൻ ഡീലർ തയ്യാറായിരുന്നെങ്കിലും നാളിതുവരെ മതിയായ കാരണങ്ങളില്ലാതെ വാഹനം ഏറ്റെടുക്കാത്തതായി കണ്ടെത്തി. | ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | " |
| 16 | പരീക്ഷാ ഭവൻ പൂജപ്പുര, തിരുവനന്തപുരം | അഡ്വാൻസ് തുക (2,47,000/-രൂപ) കൈപ്പറ്റിയശേഷം യഥാസമയം ടി തുക ക്രമീകരിക്കാത്തതായി കണ്ടെത്തി. | ടി ക്രമക്കേടിന് ഉത്തരവാദിയായ ശ്രീ.റ്റി.കെ.ബാഹുലേയൻ എന്ന വ്യക്തിയിൽ നിന്നും 2,47,000/- രൂപയും ആയതിന്റെ 18% പലിശയും അടിയന്തിരമായി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | " |
| 17 | ആരോഗ്യ സർവ്വകലാശാല | കേരള ആരോഗ്യ സർവകലാശാലയുടെ 23/07/2010-ലെ 112/2010/അഡ്മിൻ ഉത്തരവ് പ്രകാരം ശ്രീ.പി.കെ.സുധീറിന് 4857/- രൂപ അധികം നൽകിയതായി കണ്ടെത്തി. | ശ്രീ.പി.കെ.സുധീറിന് അധികം നൽകിയ 4857/- രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 18 | ഗവ. അനലിസ്റ്റ് ലബോട്ടറി, തിരുവനന്തപുരം | പ്ലാറ്റിനം ഉപകരണങ്ങൾ നഷ്ടപ്പെട്ടതുമൂലം 305717/- രൂപ സർക്കാരിന് നഷ്ടം ഉണ്ടായതായി കണ്ടെത്തി. | പ്ലാറ്റിനം ഉപകരണങ്ങൾ നഷ്ടപ്പെട്ടതുമൂലം സർക്കാരിന് ഉണ്ടായ നഷ്ടം (305717/- രൂപ) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തു. | " |
| 19 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പൊതുമരാമത്ത് (കെട്ടിട വിഭാഗം) സബ് ഡിവിഷൻ, തിരുവനന്തപുരം | പി.ഡബ്ല്യൂ.ഡി മാനുലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി 2013-14, 2014-15-ൽ ക്രമാതീതമായി ക്വട്ടേഷൻ വർക്കുകൾ അടിയന്തിര സാഹചര്യ ശ്രേണിയിൽപ്പെടുത്തി ചെയ്യുകയും ധനകാര്യ (IW-T) വിഭാഗത്തിന്റെ 11.2.2011-ലെ 11/2011/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും വർക്കുകൾ സ്പ്ളിറ്റ് ചെയ്ത് നടപ്പിലാക്കുകയും ചെയ്തതായി കണ്ടെത്തി. | ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോമോഹന് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശുപാർശ | " |
| 20 | കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി, തിരുവനന്തപുരം | ജൂനിയർ ലാബ് അസിസ്റ്റന്റായി നിയമിതയായ ശ്രീമതി.ടി.ജയശ്രീയെ കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ തസ്തികയിലേയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സര പരീക്ഷയോ ഇന്റർവ്യൂയോ നടത്താതെ നിയമിച്ചിട്ടുള്ള നടപടി ക്രമവിരുദ്ധമാണെന്ന് കണ്ടെത്തി. | ക്രമവിരുദ്ധമായി നിയമനം നേടിയ ശ്രീമതി.ടി.ജയശ്രീയെ കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ തസ്തികയിൽ നിന്നും നീക്കം ചെയ്യാൻ ശുപാർശ ചെയ്തു. | " |
| 21 | കായിക യുവജനകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | പരിശീലകർക്കുള്ള വേതനം, താമസം, യാത്രാ സൗകര്യം എന്നിവയ്ക്ക് 2014-15 വർഷം 3 മാസത്തെ ചെലവായി 4,18,500/- രൂപയും പരിശീലകരുടെ വേതനം, താമസം, യാത്രബത്ത എന്നിയിനങ്ങളിൽ 2015 ഏപ്രിൽ, മെയ് മാസങ്ങളിലെ ചെലവായി 2,55,000/- രൂപയും മഹേഷ് ഭൂപതി ടെന്നീസ് ട്രെയിനിംഗ് അക്കാഡമിയിൽ നിന്നും അധികമായി അനുവദിച്ചു. | അധികമായി അനുവദിച്ച തുക മഹേഷ് ഭൂപതി ടെന്നീസ് ട്രെയിനിംഗ് അക്കാഡമിയിൽ നിന്നും തിരിച്ച് പിടിച്ച സർക്കാരിൽ അടയ്ക്കാനുള്ള നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | " |
| 22 | ക്ഷീര വികസന ഉപഡയറക്ടറുടെ ഓഫീസ്, എറണാകുളം | ഫെഡറൽ ബാങ്കിൽ നിന്നും 20000/- രൂപ സംഭാവന സ്വീകരിക്കുകയും ആയത് വെട്ടി വെട്ടിതിരുത്തി 15000/- രൂപയാക്കുകയും ചെയ്തിട്ടുള്ളതായും 16.06.2016 ൽ 20000/- രൂപ പാസ്ബുക്ക് പ്രകാരം അക്കൗണ്ടിൽ വരവ് വയ്ക്കാത്തതായും കണ്ടെത്തി. | ക്ഷീരവികസന ഉപ ഡയറക്ടർ ആയിരുന്ന ഈ തുക ടി ക്രമക്കേടിന് ഉത്തരവാദിയായ അന്നത്തെ ക്ഷീരവികസന ഉപ ഡയറക്ടർ ശ്രീ.ജോർജ്ജ്കുട്ടി ജേക്കബിൽ നിന്ന് ടി തുക അടിയന്തിരമായി ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുവാൻ ശുപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 23 | വിജയപുരം ഗ്രാമ പഞ്ചായത്ത്, കോട്ടയം | തുകകൾ രേഖപ്പെടുത്തി ക്യാൻസൽ ചെയ്തിട്ടുള്ള രസീതുകളിൽ ആകെ 3,05,863/- രൂപ പിന്നീട് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതായി കണ്ടെത്തി | പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്ത തുകയിൽ നിന്നും ശ്രീ.എ.കെ.ജയകുമാർ ഇതിനകം തിരിച്ചടച്ച 90,000/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 2,51,863/- രൂപ 08.02.2013 മുതൽ തുക അടയ്ക്കുന്നത് വരെ 18% പിഴപ്പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുവാനും കോട്ടയം മജിസ്ട്രേറ്റ് കോടതിയിൽ നിലവിലുള്ള ക്രിമിനൽ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ ശക്തമായ വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുവാനും ശുപാർശ ചെയ്യു. ക്യാൻസൽ ചെയ്ത രസീതുകളുടെ ഒറിജിനൽ കൗണ്ടർ ഫോയിൽ എന്നിവ സൂക്ഷിക്കേണ്ട ചുമതലയുണ്ടായിരുന്ന അന്നത്തെ ഹെഡ് അക്കൗണ്ടന്റിനെതിരെയും തട്ടിപ്പ് നടന്ന കാലയളവിൽ ഈ പഞ്ചായത്തിലെ സെക്രട്ടറിമാരുടേയും ജൂനിയർ സൂപ്രണ്ടുമാരുടേയും ഭാഗത്ത് നിന്നും ഗുരുതരമായ മേൽനോട്ട് കുറവ് ഉണ്ടായിട്ടുള്ളതിനാൽ അവർക്കെതിരെയും ശക്തമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യു. | " |
| 24 | കൃഷിഭവൻ, വെച്ചൂർ | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായും പ്രവർത്തന രഹിതമായ പാടശേഖര സമിതികൾക്ക് 53,563/- രൂപ റിവോൾവിങ് ഫണ്ട് അനുവദിച്ചതായും കണ്ടെത്തി. | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതിനു കൃഷി ഓഫീസറിൽ നിന്നും 250/- രൂപ പിഴ ഈടാക്കുവാനും പ്രവർത്തന രഹിതമായ പാടശേഖര സമിതികൾക്ക് 53,563/- രൂപ റിവോൾവിങ് ഫണ്ട് അനുവദിച്ചതിനാൽ ടി തുക 18% പലിശ സഹിതം തിരിച്ചു പിടിക്കുവാനും ശിപാർശ ചെയ്യു. | നടപടി സ്വീകരിച്ചിട്ടുള്ള തായി അറിയിച്ചിട്ടുണ്ട്. |
| 25 | ഐ.സി.ഡി.എസ്. വൈക്കം. | അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്കായി സി.ഡി.പി.ഒ, വൈക്കം 2015-16 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് അനുവദിച്ച 1,41,000/- രൂപ സൂപ്പർവൈസർമാർ നാളിതുവരെ സെറ്റിൽ ചെയ്തിട്ടില്ലാത്തതായി കണ്ടെത്തി. | ക്രമീകരിക്കാത്ത തുക 18% പലിശ സഹിതം തിരിച്ചു പിടിക്കാൻ നിർദ്ദേശം നൽകി. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 26 | പി.എച്ച്.സി. മണിമല | പി.എച്ച്.സി മണിമലയിലെ മരുന്നുകളുടെ ശേഖരം പരിശോധിച്ചതിൽ 2,962/- രൂപയുടെ മരുന്നുകൾ കുറവുള്ളതായി കണ്ടെത്തി. | മരുന്നുകൾ കുറവുള്ളതായി കണ്ടെത്തിയ ഇനത്തിലുള്ള തുക മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്യു. | " |
| 27 | കൃഷിഭവൻ, പാമ്പാടി | 2015 -16 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഗാർഡൻ പദ്ധതിയിനത്തിൽ 8270/- രൂപ ക്രമരഹിതമായി അനുവദിച്ചതായും ഓഫീസ് വാഹനം ദുരുപയോഗംചെയ്തതായും കണ്ടെത്തി. | 2015 -16 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഗാർഡൻ പദ്ധതിയിനത്തിൽ ക്രമരഹിതമായി അനുവദിച്ച 8270/- രൂപയും, ഓഫീസ് വാഹനം ദുരുപയോഗംചെയ്ത ഇനത്തിൽ 250/- രൂപയും പലിശ സഹിതം പാമ്പാടി കൃഷി ഓഫീസറിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകി. | " |

| | | | | |
|---|---|---|---|---|
| 28 | ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി, കോട്ടയം. | ഗവൺമെൻറ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടയത്തിന്റെ ലാബ് ഉപകരണങ്ങൾ പരിശോധിച്ചതിൽ രസതന്ത്ര ലാബിൽ രണ്ട് ബ്യൂററ്റുകൾ കുറവുള്ളതായി കണ്ടെത്തി. | ഗവൺമെൻറ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടയത്തിന്റെ രസതന്ത്ര ലാബിൽ കുറവുണ്ടായിരുന്ന രണ്ട് ബ്യൂററ്റിന്റെ വിലയായ 1298/- രൂപ പ്രിൻസിപ്പലിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചു. | " |
| 29 | ഗവൺമെന്റ് ആശുപത്രി, മാടപ്പള്ളി | ആട് വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് ഗുണഭോക്താക്കൾക്ക് നിബന്ധനകൾ ലംഘിച്ച് 32,000/- രൂപ അനുവദിച്ചതായി കണ്ടെത്തി. | നിബന്ധനകൾ ലംഘിച്ചുകൊണ്ട് 1അനുവദിച്ച സബ്സിഡി തുക18 % പലിശ സഹിതം തിരിച്ച് പിടിക്കാൻ നിർദ്ദേശം നൽകി. | " |
| 30 | അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസ്, ഏറ്റുമാനൂർ. | യാത്രാബത്ത ഇനത്തിൽ 5735/- രൂപ അധികമായി അനുവദിച്ചതായി കണ്ടെത്തി. | ടി തുക തിരിച്ചു പിടിയ്ക്കാൻ ശുപാർശ ചെയ്തു. | തുക ഈടാക്കിയതാ യി അറിയിച്ചിട്ടുണ്ട്. |
| 31 | കൃഷിഭവൻ, തലയാഴം, കോട്ടയം | തലായഴം കൃഷിഭവനിലെ പാടശേഖരസമിതികളായ വനംവടക്ക്, മൂന്നാം വേലിക്കരി എന്നിവയിൽ നിന്നും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് റിവോൾവിങ് ഫണ്ട് അനുവദിച്ചതായി കണ്ടെത്തി. | വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് അനുവദിച്ച 16,479/- രൂപ തിരികെ ഈടാക്കുവാൻ ശിപാർശ ചെയ്തു. | തുക ഈടാക്കിയതാ യി അറിയിച്ചിട്ടുണ്ട്. |
| 32 | സാമൂഹ്യാരോഗ്യകേന്ദ്രം അറുന്നൂറ്റിമംഗലം, കോട്ടയം | 01.12.2015 മുതൽ 31.12.2017 വരെയുള്ള കാലയളവിലെ എച്ച് എം സി കളക്ഷൻ, ടി. ആർ5 കളക്ഷൻ എന്നിവ ട്രഷറി/ബാങ്കിൽ യഥാസമയം ഒടുക്ക വരുത്താത്തതായി കണ്ടെത്തി. | എച്ച് എം സി കളക്ഷൻ, ടി. ആർ5 കളക്ഷൻ എന്നിവ ട്രഷറി/ബാങ്കിൽ യഥാസമയം ഒടുക്കാത്തിനുള്ള പിഴപലിശയായി 2,307/- രൂപ ഈടാക്കാൻ ശുപാർശ ചെയ്തു | തുക ഈടാക്കിയതാ യി അറിയിച്ചിട്ടുണ്ട്. |
| 33 | സാമൂഹ്യാരോഗ്യകേന്ദ്രം, ഉള്ളനാട്, കോട്ടയം | 01.01.2015 മുതൽ 31.01.2018 വരെയുള്ള കാലയളവിലെ എച്ച്.എം.സി. കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്ക വരുത്തുന്നതിൽ വീഴ്ച വരുത്തി. മരുന്നുകളുടെ സ്റ്റോക്ക് പരിശോധനച്ചതിൽ 360/- രൂപയുടെ കുറവ് കണ്ടെത്തി. | എച്ച്.എം.സി. കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്ക വരുത്തുന്നതിൽ വീഴ്ച വരുത്തിയതിന് 886/- രൂപ പിഴപ്പലിശയായി ഈടാക്കുവാനും മരുന്നുകളുടെ സ്റ്റോക്ക് പരിശോധനച്ചതിൽ കുറവ് കണ്ടെത്തിയ മരുന്നിന്റെ വിലയായ 360/- രൂപ ട്രഷറിയിൽ അടയ്ക്കുവാനും ശുപാർശ ചെയ്തു. | " |
| 34 | സാമൂഹ്യാരോഗ്യകേന്ദ്രം വാകത്താനം, കോട്ടയം | 2015,2016,2017,2018 എന്നീ വർഷങ്ങളിൽ എച്ച്.എം.സി. കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്ക വരുത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. | എച്ച്.എം.സി. കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്ക വരുത്തുന്നതിൽ വീഴ്ച വരുത്തിയതിന് 1,837/- രൂപ പിഴപ്പലിശയായി ഈടാക്കാൻ ശുപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 35 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്, കോട്ടയം | ഒരു ഗുണഭോക്താവിന് അർഹതയുണ്ടായിട്ടും 23 മാസകാലത്തെ വിധവ പെൻഷൻ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലാത്തതായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തു. വരുമാനപരിധി നിശ്ചയിച്ചതിലെ അപാകത കാരണം ഒരു ഗുണഭോക്താവിന് അനർഹമായി പെൻഷൻ നല്കേണ്ടി വന്നതായും കണ്ടെത്തി. | അർഹതയുണ്ടായിട്ടും ഗുണഭോക്താവിന് ലഭ്യമാക്കാത്ത 23 മാസകാലത്തെ വിധവ പെൻഷൻ ആനുകൂല്യം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനും വരുമാനപരിധി നിശ്ചയിച്ചതിലെ അപാകത കണ്ടെത്തിയതിനെ തുടർന്ന് ഒരു ഗുണഭോക്താവിന് നൽകിയ പെൻഷൻ ആനുകൂല്യം 18% പലിശ സഹിതം ഈടാക്കുവാനും ശുപാർശ ചെയ്തു. | " |
| 36 | മീനടം ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനെതിരെ ലഭിച്ച പരാതി. | മീനടം ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ.പി.പി.മോഹനൻ സ്കൂളിലെ വിവിധ അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകകളിൽ 4,81,364/- രൂപയുള്ള ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാത്തതായി കണ്ടെത്തി. | ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ.പി.പി.മോഹനൻ സ്കൂളിലെ വിവിധ അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകകളിൽ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാൻ സാധിക്കാതെ വന്ന 4,81,364/- രൂപയിൽ ഓരോ തുകയും അതാത് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച തീയതി മുതൽ തുക അടയ്ക്കുന്നതുവരെ 18% പലിശ സഹിതം ശ്രീ.പി.പി.മോഹനനിൽ നിന്നും ഈടാക്കുവാനും ടിയാനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ എത്രയും വേഗം പൂർത്തിയാക്കാനും ശുപാർശ ചെയ്തു. | " |
| 37 | ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്, പിറവം | ശ്രീ. എം എസ് പൗലോസ്, മുള്ളൻകഴിയിൽ കരാർ ലംഘനം നടത്തി സർക്കാർ ധനസഹായമായി 32,000/- രൂപ കൈപ്പറ്റി. | കരാർ ലംഘനം നടത്തിയ ശ്രീ. എം എസ് പൗലോസ്, മുള്ളൻകഴിയിലിന്റെ പക്കൽ നിന്നും സർക്കാർ ധനസഹായം നൽകിയ 32,000/- രൂപ തിരിച്ച് പിടിച്ച് സ്വാഡിന് റിപ്പോർട്ട് ചെയ്യാൻ ഡയറി എക്സ്റ്റൻഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി. | " |
| 38 | വാഹന പരിശോധന ആർ.ഡി.ഒ, ഫോർട്ടുകൊച്ചി | ഡൽഹി ട്രെയിനിംഗിന് പോയിരുന്ന ദിവസങ്ങളിൽ അനധികൃതമായി 834 കിലോ മീറ്റർ സഞ്ചരിച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നതായി കണ്ടെത്തി. ഔദ്യോഗിക വാഹന ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ഡൽഹി ട്രെയിനിംഗിന് പോയിരുന്ന ദിവസങ്ങളിൽ അനധികൃതമായി 834 കിലോ മീറ്റർ സഞ്ചരിച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നതായും ഈയിനത്തിൽ ചെലവായ 4,956/- രൂപ ശ്രീ.സുഹാസ്.എസ് -ൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു. | " |
| 39 | വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയക്ടറുടെ കാര്യാലയം, എറണാകുളം (വാഹന പരിശോധന) | ടി കാര്യാലയത്തിലെ കെ.എൽ-01-യു-7998 നമ്പർ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തിട്ടുള്ളതായി കണ്ടെത്തി. | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തയിനത്തിൽ 2,254 രൂപ പിഴയായി ഈടാക്കാൻ ശുപാർശ ചെയ്തു.കൂടാതെ 1113 km ദൂരം അനധികൃത യാത്ര നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 6619/- രൂപ വാഹനത്തിന്റെ നിയന്ത്രണാധികാരിയിൽ നിന്ന് ഈടാക്കുവാൻ ശിപാർശ ചെയ്തു. | " |
| 40 | വാഹന പരിശോധന (ജി.സിഡി.എ) | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തയിനത്തിൽ 4857 രൂപ പിഴയായി ഈടാക്കാൻ ശുപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 41 | ഗവൺമെൻറ് ഹൈസ്കൂൾ പെരുമ്പാവൂർ | ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുക, സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാങ്ങലുകൾ/കരാർ പ്രവൃത്തികൾ എന്നിവ നടത്തുക, സാധുവായ വൗച്ചറുകൾ സൂക്ഷിക്കാതിരിക്കുക, ടെണ്ടറുകൾ/ക്വട്ടേഷൻ ക്ഷണിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുക, സ്ഥലം മാറി പോയി മാസങ്ങൾ കഴിഞ്ഞിട്ടും സ്കൂളിലെ ചെലവിന്റെ വൗച്ചറുകളും രസീതുകളും കൈവശം സൂക്ഷിക്കുക എന്നീ അപാകതകളും കണ്ടെത്തി. . ചാർജ്ജ് എടുക്കുന്ന സമയം സ്കൂളിലെ രജിസ്റ്ററുകൾ, വൗച്ചറുകൾ, രസീതുകൾ, ഫയലുകൾ എന്നിവ ഏറ്റെടുക്കുന്നതിൽ പ്രധാന അദ്ധ്യാപകൻ ശ്രീ. രാജു സി.കെ.വീഴ്ച വരുത്തി. | ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ ക്ലാർക്ക് ശ്രീമതി. ഹസീന (പെൻ നം.624757) പ്രധാന അദ്ധ്യാപകൻ ശ്രീ.രാജു.സി.കെ എന്നിവരുടെ പേരിൽ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുവാനും സാധുവായ വൗച്ചറുകൾ /ബില്ലുകൾ ഇല്ലാതെ നൽകിയ 30670/- മുൻ പ്രധാന അദ്ധ്യാപിക ശ്രീമതി. രമണി പി വി യിൽ നിന്നും ഈടാക്കുവാനും ശിപാർശ ചെയ്യു. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാങ്ങലുകൾ/കരാർ പ്രവൃത്തികൾ എന്നിവ നടത്തുക സാധുവായ വൗച്ചറുകൾ സൂക്ഷിക്കാതിരിക്കുക, ടെണ്ടറുകൾ/ക്വട്ടേഷൻ ക്ഷണിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുക, സ്ഥലം മാറി പോയി മാസങ്ങൾ കഴിഞ്ഞിട്ടും സ്കൂളിലെ ചെലവിന്റെ വൗച്ചറുകളും രസീതുകളും കൈവശം സൂക്ഷിക്കുക എന്നീ അപാകതകൾക്ക് മുൻ പ്രധാനാദ്ധ്യാപിക ശ്രീമതി. രമണി പി.വി. (ഇപ്പോൾ ഡി ഇ ഒ കോതമംഗലം)ത്തിനെതിരെ വകുപ്പ് തല അച്ചടക്ക നടപടി ശിപാർശ ചെയ്യു. | " |
| 42 | ജലഗതാഗത വകുപ്പ് മേഖലാ കാര്യാലയം, എറണാകുളം | ഹാജർ പുസ്തകത്തിൽ ഒപ്പിടാതെ ശമ്പളം വാങ്ങുക. പഞ്ചിംഗ് രേഖപ്പെടുത്താതിരിക്കുക, ഓഫീസിൽ വൈകി ഹാജരാവുക, ക്യാഷ് ബുക്ക് കൃത്യമായി ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കാതിരിക്കുക, ഓഫീസ് കത്തഴിഞ്ഞ രീതിയിൽ പ്രവർത്തിക്കുക എന്നീ അപാകതകൾ കണ്ടെത്തി. | അപാകതകൾക്ക് സീനിയർ സൂപ്രണ്ട് ശ്രീമതി. ബാർബറക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യു. ക്യാഷ് ബുക്ക് ശരിയായ മാതൃകയിൽ എഴുതി സൂക്ഷിക്കുന്നതിന് വീഴ്ച വരുത്തിയ ക്ലാർക്കിനെതിരെ വകുപ്പ്തല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യു. പഞ്ചിംഗ് സ്റ്റേറ്റ്മെന്റിൽ ആബ്സന്റ് രേഖപ്പെടുത്തിയിട്ടും ഹാജർ പുസ്തകത്തിൽ ഒപ്പിട്ട് ശമ്പളം വാങ്ങിയ ജീവനക്കാരിൽ നിന്നും അന്യായമായി വാങ്ങിയ ശമ്പളം തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യു. | " |
| 43 | എം.കെ.എം.എച്ച്.എസ്. എസ്, പിറവം | അദ്ധ്യാപിക തസ്തിക നിലനിർത്തുന്നതിനുവേണ്ടി നാല് കുട്ടികളെ വ്യാജമായി കാഞ്ഞിരമറ്റം, സെൻറ് ഇഗ്നേഷ്യസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പിറവം എം.കെ.എം.എച്ച്.എസ് എസി ലേക്ക് പ്രവേശനം നൽകിയതായി കണ്ടെത്തി. | ടി ക്രമക്കേടിന് ഉത്തരവാദിയായ എം കെ എം എച്ച് എസ് എസ് സ്കൂൾ അധികൃതർക്കും മാനേജ്മെൻറിനും എതിരേ വകുപ്പ് തല നടപടിക്ക് ശിപാർശ ചെയ്യു | നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| 44 | പി.എച്ച്.സി. ബാലുശ്ശേരി | ലേഡി ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി അംബികാദേവിയ്ക്ക് അനധികൃതമായി സമയബന്ധിത ഹയർ ഗ്രേഡ് നൽകിയതായി കണ്ടെത്തി. | ലേഡി ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി അംബികാദേവിയ്ക്ക് അനധികൃതമായി നൽകിയ സമയബന്ധിത ഹയർ ഗ്രേഡും ഇതു മൂലം നൽകിയ തുകയും തിരിച്ചു പിടിക്കാൻ നിർദ്ദേശം നൽകി | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 45 | സർക്കാർ മൃഗാശുപത്രി, കിഴക്കമ്പലം | വെറ്ററിനറി മരുന്നുകളുടെ സ്റ്റോക്ക് പരിശോധനയിൽ 2580/- രൂപ യുടെ മരുന്നുകൾ കുറവുള്ളതായി കണ്ടെത്തി. | സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്താനാവാത്ത മരുന്നുകളുടെ വിലയായ 2580/- രൂപ ട്രഷറിയിൽ ഒടുക്കി ചെലാന്റെ പകർപ്പ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകി. | 2,580/- രൂപ _ സബ് ട്രഷറി, കോലഞ്ചേരിയിൽ ഒടുക്കിയിട്ടുണ്ട്. |
| 46 | കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ അപ്ഡേഷൻ ഫണ്ട് പരിശോധന (എറണാകുളം ജില്ലയിലെ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെ കാര്യാലയത്തിലും 14 എ ഡി എ ഓഫീസുകളിലും ഏതാനും കൃഷി ഭവനുകളിലും) | 1.കർഷക രജിസ്ട്രേഷൻ അപ്ഡേഷനുമായി ബന്ധപ്പെട്ട് നിർവ്വഹിക്കാത്ത പ്രവൃത്തി പൂർത്തീകരിച്ചുവെന്ന വ്യാജരേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ.ഡി.എ മാരിൽ നിന്നും തുക കൈപ്പറ്റിയതായും യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തേക്കാൾ കൂടുതൽ കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി അധിക തുക ക്ലെയിം ചെയ്തതായും വേണ്ടത്ര സമയം ലഭ്യമായിട്ടും രജിസ്ട്രേഷൻ-അപ്ഡേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതായും കണ്ടെത്തി. | വ്യാജരേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ.ഡി.എ മാരിൽ നിന്നും തുക കൈപ്പറ്റിയ കൃഷി ഓഫീസുകളിലെ ഓഫീസർമാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും തുക തിരിച്ചടക്കാത്ത കൃഷി ഓഫീസർമാരിൽ നിന്നും ടി തുകയും 18% പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനും നിർദ്ദേശം നൽകി.യഥാർത്ഥത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തേക്കാൾ കൂടുതൽ കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി അധിക തുക ക്ലെയിം ചെയ്ത ഞാറയ്ക്കൽ കൃഷി ഉപഡയറക്ടർക്ക് കീഴിലുള്ള 4 കൃഷി ഓഫീസർമാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുവാനും വേണ്ടത്ര സമയം ലഭ്യമായിട്ടും രജിസ്ട്രേഷൻ-അപ്ഡേഷൻ പൂർത്തിയാക്കുന്നതിന് നേതൃത്വപരമായ വീഴ്ച വരുത്തിയ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറെ താക്കീത് ചെയ്യുന്നതിനും ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 47 | ഗ്രാമപഞ്ചായത്ത് മഴുവന്നൂർ (പദ്ധതികളുടെ പരിശോധന) | വയോജനങ്ങൾക്കുള്ള പകൽ വീട്, ഭൗതിക സാഹചര്യം ഒരുക്കുക എന്ന പദ്ധതിയിൽ കെ പി എം സ്റ്റോർ, ചെറുപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയ അധിക തുക (19800/- രൂപ)നൽകിയതായും 16.11.2013 ലെ ജി ഒ (എം എസ്) 362/2013/തസ്വഭവ യിലെ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി 56,880/- രൂപ_നൽകിയതായും പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായമെന്ന പദ്ധതിയിൽ ശ്രീമതി. മായാ മാത്യുവിന് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ തുക (50,000/- രൂപ)നൽകിയതായും കണ്ടെത്തി. | വയോജനങ്ങൾക്കുള്ള പകൽ വീട്, ഭൗതിക സാഹചര്യം ഒരുക്കുകഎന്ന പദ്ധതിയിൽ കെ പി എം സ്റ്റോർ, ചെറുപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയ അധിക തുക (19800/- രൂപ) നിർവ്വഹണോദ്യോഗസ്ഥനാ യിരുന്ന മുൻ സെക്രട്ടറി ശ്രീ.എം.എൻ മോഹനനിൽ നിന്നും ഈടാക്കുന്നതിനും 16.11.2013 ലെ ജി ഒ (എം എസ്) 362/2013/തസ്വഭവ യിലെ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നൽകിയ 56,880/- രൂപ നിർവ്വഹണോദ്യോഗസ്ഥ നായിരുന്ന ശ്രീ. യു.കെ. സുരേന്ദ്രൻ, അസി. സെക്രട്ടറിയിൽ (നിലവിൽ സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത്) നിന്നും ഈടാക്കുന്നതിനും വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തു. പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായമെന്ന പദ്ധതിയിൽ ശ്രീമതി. മായാ മാത്യുവിന് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ തുക 50,000/- രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മഴുവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി. | " |

| | | | | |
|---|---|---|---|---|
| **48** | ഡി.റ്റി.പി.സി, എറണാകുളം | 29.08.2009 ലെ 75/09/Fin സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർക്കാർ പണം തന്നിഷ്ടപ്രകാരം ക്രയവിക്രയം നടത്തിയതായും സർക്കാർ പണം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തായും കണ്ടെത്തി. | 29.08.2009 ലെ 75/09/Fin സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർക്കാർ പണം തന്നിഷ്ടപ്രകാരം ക്രയവിക്രയം നടത്തിയ എറണാകുളം ഡി റ്റി പി സി സെക്രട്ടറി, ചെയർമാൻ എന്നിവരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും, സർക്കാർ പണം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ബന്ധപ്പെട്ടവരിൽ നിന്നും പലിശയായി 18% തുക ഈടാക്കുന്നതിനും ടൂറിസം വകുപ്പിന് നിർദ്ദേശം നൽകി. | ,, |
| **49** | ഊർജ്ജിത കന്നുകാലി വികസന പദ്ധതി, ആലുവ | പരിശോധനാ സമയം സ്റ്റോക്കിൽ ന 4 ചാക്ക് 3 കിലോഗ്രാം കാലിത്തീറ് കുറവ് ഉള്ളതായി കണ്ടു. | സ്റ്റോക്കിൽ കുറവ് ഉണ്ടായിരുന്ന 4 ചാക്ക് 3 കിലോഗ്രാം കാലിത്തീറ്റയുടെ വിലയായ 4161/- രൂപ എടവനക്കാട് നോർത്ത് ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശം നൽകി. | ,, |
| **50** | സാമൂഹ്യാരോഗ്യ കേന്ദ്രം, കാലടി | എൻ.ആർ.എച്ച്.എം - ൽ 20,375/- രൂപ നീക്കിയിരുപ്പുള്ളതായി കണ്ടെത്തി. | എൻ.ആർ.എച്ച്.എം - ൽ നീക്കിയിരുപ്പുള്ള തുകയും പലിശയും ചേർത്ത് 20,375/- രൂപ തിരിച്ച് പിടിക്കാൻ നിർദ്ദേശിച്ചു. | 20,375/- സർക്കാരിലേയ്ക്ക് തിരിച്ചടച്ചു. |
| **51** | ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് & പുറക്കാട് ഗ്രാമപഞ്ചായത്ത് | ലോ കോസ്റ്റ് സാനിട്ടേഷൻ പദ്ധതി ക്രമക്കേടുകൾ സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി. | ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയും പുറക്കാട് ഗ്രാമപഞ്ചായത്തിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തു. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| **52** | ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) കണ്ണൂർ | സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ചതായി കണ്ടെത്തി. | ടി ക്രമക്കേടിന് കാരണക്കാരായ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർക്കെതിരെയും ഉത്തരവാദിത്വപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | ,, |
| **53** | കോർപ്പറേഷൻ ഓഫീസ്, കൊല്ലം | 02.06.2015-ലെ കത്ത് മുഖാന്തിരം 10 ദിവസനത്തിനകം വാഹനം കൈമാറാൻ ഡീലർ തയ്യാറായിരുന്നെങ്കിലും നാളിതുവരെ മതിയായ കാരണങ്ങളില്ലാതെ വാഹനം ഏറ്റെടുക്കാത്തതായി കണ്ടെത്തി. | ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. | ,, |
| **54** | അറക്കുളം കൃഷി ഭവൻ, ഇടുക്കി | അന്തരിച്ച ശ്രീ.സിറിയക് ജോസ്സിന്റെ ബാദ്ധ്യത തുകയായ 78,883/- രൂപ ടിയാന്റെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാതെ ടിയാന്റെ ആശ്രിതർക്ക് കൈമാറിയത് ക്രമവിരുദ്ധമാണെന്ന് കണ്ടെത്തി. | വീഴ്ച വരുത്തിയ അന്നത്തെ ഇടുക്കി ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറിൽ നിന്നും 78,883/- രൂപ ഈടാക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു.. | ,, |

| | | | | |
|---|---|---|---|---|
| 55 | പൊതുമരാമത്ത് റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എറണാകുളം | ബില്ലുകൾ രെജിസ്റ്റർചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേട് നടന്നിരുന്നുവെന്ന് പരിശോധനയിൽ കണ്ടെത്തി. ബില്ലുകൾ ലഭിക്കുന്നതിന് മുൻപുതന്നെ അനധികൃതമായി ഡിവിഷണൽ അക്കൗണ്ടന്റ്, EMLI ക്ലാർക്ക് എന്നിവർ മുൻപ് പാസ്സാക്കിയ ബില്ലിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വ്യാജ ബിൽ ID ഉണ്ടാക്കി, ബില്ലിന്റെ മുൻഗണനക്രമം അട്ടിമറിക്കുന്നതായും, തന്റെ ധനവിനിയോഗ പരിധിക്കുള്ളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നില നിർത്തുന്നതിനു വേണ്ടി മാത്രം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തികൾ ക്രമവിരുദ്ധമായി വിഭജിച്ച് നൽകുന്നതായും കണ്ടെത്തി. | ക്രമക്കേടുകൾക്ക് ഉത്തരവാദികളായ എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഡിവിഷണൽ അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, EMLI ക്ലർക്ക് എന്നിവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാനും, ആവശ്യമെങ്കിൽ വിജിലൻസ് അന്വേഷണം നടത്തുവാനും ശിപാർശ നൽകി. | " |
| 56 | ജവഹർ ലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം | ജവഹർ ലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂനിയർ ലൈബ്രറി അസിസ്റ്റന്റ് ആയ ശ്രീമതി.വി.സുജാത അനർഹമായി 1,15,236/- രൂപ കൈപ്പറ്റിയതായി കണ്ടെത്തി. കൂടാതെ ടി സ്ഥാപനത്തിലെ അനധികൃത നിയമനങ്ങളും, പ്രമോഷനുകളും നടന്നിട്ടുള്ളതായി കണ്ടെത്തി. | അനർഹമായി കൈപ്പറ്റിയ 1,15,236/- രൂപ ശ്രീമതി.വി.സുജാതയിൽ നിന്ന് തിരിച്ചു പിടിക്കാനും, ജവഹർ ലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ അനധികൃത നിയമനങ്ങളും പ്രമോഷനുകളും റദ്ദാക്കുവാനും ശിപാർശ നൽകി. | " |
| 57 | തിരുവനന്തപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം & വെങ്ങാനൂർ മഹാത്മ അയ്യൻകാളി മെമ്മോറിയൽ യു.പി സ്കൂൾ | ചട്ടവിരുദ്ധമായി തിരുവനന്തപുരം ഉപജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന ശ്രീമതി വി.എൽ. വിശ്വലത സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ തുക അനുവദിച്ച് കൈമാറിയതായി കണ്ടെത്തി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി കൃത്യമായ ഇനങ്ങളിലല്ലാതെ വൻ തുക സൂക്ഷിച്ചുവരുന്നതായി കണ്ടെത്തി. | ശ്രീമതി വി.എൽ. വിശ്വലതയ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ ശിപാർശ നൽകി. വളരെക്കാലമായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന തുക (സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ ബാക്കി 57,59,834/- രൂപ ഉൾപ്പടെ) ഏതെല്ലാം ഇനങ്ങളിലാണെന്ന് കണ്ടെത്തി, എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടക്കുവാൻ നിർദ്ദേശം നൽകി. | " |
| 58 | തുറമുഖ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം & മാരിടൈം സൊസൈറ്റി, നീണ്ടകര | നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തി. | ചട്ടവിരുദ്ധമായി ടെൻഡർ നടത്തി സംസ്ഥാന ഖജനാവിന് 7.86 കോടി രൂപ നഷ്ടം വരുത്താൻ കാരണക്കാരനായ അന്നത്തെ തുറമുഖവകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. ജേക്കബ് തോമസ് (ഐ.പി.എസ്) നെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ശിപാർശ നൽകി. | " |

| | | | | |
|---|---|---|---|---|
| 59 | തുറമുഖ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | തുറമുഖ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയതിൽ സർക്കാരിന് 14.96 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തി. | ടെൻഡർ മാനദണ്ഡങ്ങളും, സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദ്ദേശങ്ങളും പാലിക്കാതെ സർക്കാരിന് 14.96 കോടി രൂപയുടെ നഷ്ടം സംഭവിക്കാൻ കാരണക്കാരനായ അന്നത്തെ തുറമുഖവകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. ജേക്കബ് തോമസ് (ഐ.പി.എസ്) വിജിലൻസ് ഡയറക്ടറുടെ ചുമതല വഹിക്കുന്നതിനാൽ ടിയാനെ പദവിയിൽ നിന്ന് മാറ്റി ഉചിതമായ അന്വേഷണം നടത്താൻ സർക്കാരിന് നിർദ്ദേശം നൽകി. | " |
| 60 | കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ | കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികയിലേക്ക് 2014 ൽ നടപ്പാക്കിയ CAS (കരിയർ അഡ്വാൻസ്മെന്റ് സ്കീം) പ്രമോഷനുകളിലെ API (അക്കാദമിക്ക് പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സ്) സ്കോർ നിർണ്ണയത്തിൽ അപാകതകൾ കണ്ടെത്തി. | 2014ലും അതിനുശേഷവും നടത്തിയ പ്രമോഷനുകളുടെ സ്കോർ കാർഡ് സർവ്വകലാശാലയ്ക്ക് പുറത്തുള്ള ഒരു വിദഗ്ധ സമിതി പരിശോധിച്ച് അനർഹരായവർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ടെങ്കിൽ ആയത് റിവ്യൂ ചെയ്ത് എത്രയും വേഗം റദ്ദാക്കുവാൻ നിർദ്ദേശം നൽകി. | " |
| 61 | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് & കേരള സംസ്ഥാന പട്ടികജാതി – പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, തിരുവനന്തപുരം | സർക്കാർ ഭരണാനുമതിയില്ലാതെ ഒരു കോടി രൂപ പട്ടികജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനധികൃതമായി പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന് അനുവദിച്ചത് നൽകി. | സർക്കാർ ഭരണാനുമതിയില്ലാതെ അനധികൃതമായി പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന് അനുവദിച്ചത് നൽകിയ ഒരു കോടി രൂപയിൽ ധനകാര്യ വകുപ്പ് തിരിച്ചെടുത്ത 74,30,710/- രൂപ കഴിച്ച് ബാക്കി തുകയായ 25,69,290/- രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുവാൻ ഭരണ വകുപ്പിന് നിർദേശം നൽകി. | " |
| 62 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ കാര്യാലയം, തൃശ്ശൂർ | 2014, 2015, 2016 വർഷങ്ങളിൽ ജില്ലാ മിഷൻ കോർഡിനേറ്ററായിരുന്ന ശ്രീ. പി. അബ്ദുൾ മജീദ് ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നതായും ടിയാളും, ഡ്രൈവർ ശ്രീ. ഇ. വി . ശരവണൻ എന്നിവർ അനധികൃതമായി യാത്രപ്പടി കൈപ്പറ്റിയതായും കണ്ടെത്തി. | തൃശ്ശൂർ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററായിരുന്ന ശ്രീ. പി. അബ്ദുൾ മജീദ് യാത്ര ചെയ്തതായി അവകാശപ്പെട്ട് അനധികൃതമായി കൈപ്പറ്റിയ 3375/- രൂപ 18% പലിശ സഹിതവും, ഡ്രൈവറായിരുന്ന ശ്രീ.ഇ.വി.ശരവണൻ കൈപ്പറ്റിയ 3075/- രൂപ 18% പലിശ നിരക്കിലും സർക്കാരിലേക്ക് തിരിച്ചടക്കുവാൻ ശിപാർശ നൽകി. ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണാധികാരിയായിരുന്ന ശ്രീ. പി. അബ്ദുൾ മജീദിൽ നിന്നും 23,248/- രൂപ പിഴയായി ഈടാക്കുവാനും, നിലവിൽ കൃഷി വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ടിയാനെതിരെ വകുപ്പതലത്തിൽ കർശന അച്ചടക്ക നടപടികൾ കൈക്കൊള്ളുവാനും ശിപാർശ നൽകി. | " |

| | | | | |
|---|---|---|---|---|
| 63 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്, തൃശ്ശൂർ | അണ്ടാരത്തോട് പാർശ്വഭിത്തി നിർമാണത്തിനായി 17,25,000/- രൂപ വകയിരുത്തുകയും, ടി പ്രവൃത്തിയുടെ സുഗമമായ നിർവ്വഹണത്തിന് ആവശ്യമായ അനുമതിയും ഭൗതിക സാഹചര്യങ്ങളും ഒരുക്കി നൽകുകയുമുണ്ടായെങ്കിലും പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടെത്തി. | നിർമ്മാണം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 75,000/- രൂപയും, ആദ്യ ബിൽ തുക മാറി നൽകിയ സമയത്ത് കുറവ് ചെയ്ത 10 % റീറ്റെൻഷൻ തുകയായ 84,052/- രൂപയും സർക്കാരിലേക്ക് ഈടാക്കുവാൻ ശിപാർശ നൽകി. | തുടർ നടപടികൾ തൃശ്ശൂർ തദ്ദേശ സ്വയം ഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിക്കുന്നു. |
| 64 | വെള്ളാങ്ങല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, തൃശ്ശൂർ | പൂമംഗലം കൃഷി ഓഫീസർ ശ്രീമതി.റെയ്ഹാന, പടിയൂർ കൃഷി ഓഫീസർ ശ്രീമതി. സോഫിയ.എ.ജോൺ എന്നിവർ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ രജിസ്ട്രേഷൻ അപ്ഡേഷൻ പൂർത്തീകരിക്കപ്പെട്ട എന്നുറപ്പാക്കാതെ, അനുവദിക്കപ്പെട്ട തുക മുഴുവൻ വിതരണം ചെയ്തു വഴി പാഴ്ച്ചെലവ് വരുത്തിയതായി കണ്ടെത്തി. | പാഴ്ച്ചെലവ് വരുത്തിയപൂമംഗലം കൃഷി ഓഫീസർ ശ്രീമതി.റെയ്ഹാന, പടിയൂർ കൃഷി ഓഫീസർ ശ്രീമതി. സോഫിയ.എ.ജോൺ എന്നിവരിൽ നിന്നും യഥാക്രമം 1,650/-, 4,922/- രൂപ വീതം ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ശിപാർശ നൽകി. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 65 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പട്ടിക്കാട്, തൃശ്ശൂർ | പ്രിൻസിപ്പാളിന്റെ പേരിലുള്ള ഔദ്യോഗിക അക്കൗണ്ടിൽ നിന്നും, പ്രിൻസിപ്പാൾ ശ്രീ. കെ.എം. മുഹമ്മദ് മുബാറക്ക് തന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം ഔദ്യോഗികാവശ്യത്തിനല്ലാതെ മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി 2015-16, 2016-17 അധ്യയന വർഷങ്ങളിൽ സ്കൂൾ തല കലാ-കായിക പരിപാടികൾക്കായി ആകെ ചെലവഴിച്ചതായി അവകാശപ്പെടുന്ന തുകയായ 21,120/- രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. | ചട്ടവിരുദ്ധമായി മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്തു നൽകിയ പ്രിൻസിപ്പാൾ ശ്രീ. കെ.എം. മുഹമ്മദ് മുബാറക്കിൽ നിന്നും ഇത്തരത്തിൽ ട്രാൻസ്ഫർ ചെയ്ത ആകെ തുകയായ 65,282/- രൂപ 18% പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ ശിപാർശ നൽകി. വിനിയോഗം സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ പ്രിൻസിപ്പളിന് കഴിയാത്ത ,സാഹചര്യത്തിൽ സ്കൂൾ തല കലാ-കായിക പരിപാടികൾക്കായി ആകെ ചെലവഴിച്ചതായി അവകാശപ്പെടുന്ന തുകയായ 21,120/- രൂപ പ്രിൻസിപ്പളിൽ നിന്നും ഈടാക്കുവാൻ ശിപാർശ നൽകി. | ,, |
| 66 | ജില്ലാ വെറ്ററിനറി സെന്റർ തൊടുപുഴ, ഇടുക്കി | ജില്ലാ വെറ്ററിനറി സെന്റർ, തൊടുപുഴയിൽ കറവ പശു വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജനുമായി ഗുണഭോക്താക്കൾ ഒപ്പുവച്ചിട്ടുള്ള കരാറിന് വിരുദ്ധമായി ഉരുക്കളെ വിൽപ്പന നടത്തിയതായി കണ്ടെത്തി. | 28 ഗുണഭോക്താക്കളിൽ നിന്നും പദ്ധതി ആനുകൂല്യമായി കൈപ്പറ്റിയിട്ടുള്ള 4,20,000/- രൂപ തിരിച്ചുപിടിക്കുവാനും ക്രമവിരുദ്ധമായി 15 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക 2,25,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ.ജി.എസ്.മധുവിൽ നിന്നും തിരിച്ച പിടിക്കുവാനും ശിപാർശ ചെയ്തു. | ,, |

| | | | | |
|---|---|---|---|---|
| 67 | കടയത്തൂർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി | കടയത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ KL-38-D-8408 നമ്പർ മഹീന്ദ്ര ബൊലീറോ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. കടയത്തൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് കറവപ്പശു വാങ്ങൽ (ജനറൽ) പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാജമായി സമർപ്പിച്ച 3 അപേക്ഷകർക്ക് പദ്ധതി ആനുകൂല്യമായി 75,000/- രൂപ ക്രമവിരുദ്ധമായി അനുവദിച്ച് നൽകിയതായി കണ്ടെത്തി. | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്ത ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 7005/- രൂപ പിഴ ഈടാക്കുവാൻ ശുപാർശ ചെയ്തു. വനിതകൾക്ക് കറവപ്പശു വാങ്ങൽ (ജനറൽ) പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഡോ.ദീപ.കെ.കെ യെ മേലിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കാൻ കർശനമായി താക്കീത് ചെയ്യേണ്ടതാണെന്നും, വ്യാജരേഖ ചമച്ച് പദ്ധതിയാനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ശുപാർശ ചെയ്തു. | " |
| 68 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് , കോഴിക്കോട് | മദ്രസ നവീകരണ പദ്ധതിയുടെ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിനിയോഗിച്ചു, നിരതദ്രവ്യമായി നിക്ഷേപിച്ച തുക (10000) യുടെ ഡി.ഡി. സർക്കാർ അക്കൗണ്ടിൽ അടയ്ക്കാതെ ഫയലിൽ സൂക്ഷിച്ചു. | മർക്കസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് രണ്ട് ഗഡുക്കളിലായി അനുവദിച്ച് നൽകിയിട്ടുള്ള 5,97,000/- രൂപ സ്കൂൾ മാനേജ്മെന്റിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതും പ്രസ്തുത തുകയുടെ 18% പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട് | നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട് |
| 69 | സർക്കാർ ആശാഭവൻ, കോഴിക്കോട് | മാനേജ്മെന്റ് മാന്വലിലെയും ബൈലോ ഭേദഗതിയിലെയും നിർദ്ദേശങ്ങളിലെ വൈരുദ്ധ്യം കാരണം ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുന്നു. | ആശാ ഭവനിൽ സംഭാവനയായി ലഭിക്കുന്ന തുകകൾ പൂർണ്ണമായും മാനേജ്മെന്റ് കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, അന്തേവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വിപുലമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. | നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട് |
| 70 | വില്ലേജ് ഓഫീസ്, കരുവട്ടൂർ | റവന്യൂ റിക്കവറി , മറ്റ് നികുതികൾ എന്നിവ പിരിച്ചെടുക്കുന്നതിലെ കാലതാമസം. | G.O.(P)12/2017/Fin, 20/17/Fin എന്നീ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം വില്ലേജ് ഓഫീസുകളിലെ റവന്യൂ വരവ് ഈ ട്രഷറി സംവിധാനം വഴി ഒടുക്കുന്നതിനായി നിർദ്ദേശം നൽകി. | നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ജില്ലാ കലക്ടർക്ക് നല്കി. |

| | | | | |
|---|---|---|---|---|
| 71 | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | താല്ക്കാലിക ജീവനക്കാരുടെ നിയമനത്തിലെ അപാകത | ദിവസവേതനകാർക്ക് ക്രമവിരുദ്ധമായി വേതനം നൽകിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കാൻ ശുപാർശ ചെയ്യു. | നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 72 | താലൂക്ക് ഓഫീസ്, കോഴിക്കോട് | ഒറ്റത്തവണ കെട്ടിടനികുതി നിർണ്ണയത്തിൽ അസാധാരണമാം വിധം കാലതാമസവും കൃത്യവിലോപവും വരുത്തുന്നു . | കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി സർക്കാരിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ടി തുകയും 18% പലിശ പിഴ ഇനത്തിൽ ഈടാക്കാൻ ശുപാർശ ചെയ്തു. | ,, |
| 73 | കൃഷി ഓഫീസർ, ചേളന്നൂർ | കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല<br>വാഹന ദുരുപയോഗം<br>വളം, കീടനാശിനി എന്നിവ സ്റ്റോക്കിൽ ഉൾപ്പെടുത്താതെയും വിതരണം ചെയ്യുതായും പൊതു ധനം നഷ്ടപ്പെടുത്തുന്നു. | കേര ഗ്രാമ പദ്ധതി പ്രകാരം 2,87,927/- രൂപ ചെലവ് ചെയ്ത് വാങ്ങിയ കാർഷിക ഉപകരണങ്ങൾ 2 വർഷമായി കൃഷി ഭവനുകളിൽ ഉപയോഗിക്കാതെ കിടക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളായ കൃഷി ഓഫീസർ അസിസ്റ്റന്റ് ഡയറക്ടർ എന്നിവരിൽ നിന്നും സർക്കാരിന് ഉണ്ടായ നഷ്ടം ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ നൽകി. | ,, |
| 74 | എച്ച്,എസ്,എസ്. ഫറോക്ക്, ജി,വി, എച്ച്. എസ്. എസ്. ഫറോക്ക് | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലെ ക്രമക്കേട്. | വിതരണം ചെയ്യാതെ സൂക്ഷിച്ച 11 ചാക്ക് സ്പെഷ്യൽ അരി ചട്ട പ്രകാരം വിതരണം ചെയ്യാനും കർത്തവ്യ നിർവ്വഹണത്തിൽ ഗുരുതര വീഴ്ചകൾ വരുത്തിയ ഫാറൂക്ക് എ.ഇ.ഒ ലെ നൂൺ മീൽ ഓഫീസറെ സ്ഥലം മാറ്റാനും ശുപാർശ ചെയ്തു. | ,, |
| 75 | എ.എം.യു.പി.സ്കൂൾ നടുവണ്ണൂർ, സൗത്ത് | കുട്ടികളുടെ U I D വിവരങ്ങൾ വ്യാജമായി രേഖപ്പെടുത്തി തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചു. | UID വിവരങ്ങൾ വ്യാജമായി രേഖപ്പെടുത്തി അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയ പ്രധാന അദ്ധ്യാപകനായ ശ്രീ. പി.പി. മുരളിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യാനും വിജിലൻസ് അന്വേഷണം നടത്താനും ശുപാർശ ചെയ്തു. | ,, |
| 76 | യു.പി.സ്കൂൾ, പുത്തൂർ | ഉച്ചഭക്ഷണ നടത്തിപ്പിലെ ക്രമക്കേട്. | പാൽ വാങ്ങിയ വകയിൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച അധിക തുകയായ 14184.80/- രൂപ പ്രധാന അദ്ധ്യാപിക ശ്രീമതി എസ്. സജിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്കു ഒടുക്ക് വരുത്താൻ ശുപാർശ ചെയ്തു. | ,, |
| 77 | താലൂക്ക് ഓഫീസ്, കോഴിക്കോട് | കെട്ടിട നികുതി നിർണ്ണയത്തിലെ ക്രമക്കേടുകൾ. | കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി സർക്കാരിന് നഷ്ടം വരുത്തിയ തുകയായ 3544250/- രൂപയുടെ 6% ആയ 212655/-രൂപ റോഷ്നി നാരായണനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കാൻ ശുപാർശ ചെയ്തു. | ,, |
| 78 | താലൂക്ക് ഓഫീസ്, കൊയിലാണ്ടി | തഹസിൽദാർമാർ അധികാര ദുർവിനിയോഗം നടത്തി അനധികൃത ധാതു കടത്തുവാഹനങ്ങൾ വിട്ടു നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി പിരിച്ചെടുത്ത തുക അടവാക്കാതെ സൂക്ഷിച്ചു, | സർക്കാരിനുണ്ടായ റവന്യൂ നഷ്ടമായ 4926580 /- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും റിക്കവറി നടത്താൻ ശുപാർശ ചെയ്തിട്ടുണ്ട് . | ,, |

| | | | | |
|---|---|---|---|---|
| 79 | ഉണ്ണികളം ഗ്രാമ പഞ്ചായത്ത്, | ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുകയുടെ വിനിയോഗത്തെ സംബന്ധിച്ച വിവരവും പഞ്ചായത്ത് രേഖകളിൽ ലഭ്യമല്ല. | കുടി വെള്ള സ്രോതസ്സ് ശുദ്ധജലം ലഭ്യമാക്കുന്ന തരത്തിൽ സംരക്ഷിക്കാനും പമ്പ് ഹൗസിന്റെ വാതിലിനായി ചെലവഴിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 18% പലിശ സഹിതം തിരിച്ച് പിടിക്കുന്നതിന് ശുപാർശ ചെയ്യു. | നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. |
| 80 | പ്രൈമറി ഹെൽത്ത് സെന്റർ, മേലാർകോട് | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | പരിശോധനാവേളയിൽ കുറവ് കണ്ട മരുന്നുകളുടെ ആകെ വിലയായ 2856/- രൂപ മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് ഫാർമസിസ്റ്റ് എന്നിവരിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യു . | ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 81 | കൃഷിഭവൻ, കുഴൽമന്ദം | അഗ്രികൾച്ചറൽ ഇൻപുട്ടുകളിൽ കുറവ് കണ്ടെത്തി . | പരിശോധനാവേളയിൽ കുറവ് കണ്ട അഗ്രികൾച്ചറൽ ഇൻപുട്ടുകളുടെ ആകെ വിലയായ 840/- രൂപ കൃഷി ഓഫീസർ ശ്രീമതി.പി.എ. ഷീനയിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 82 | ഐ.സി.ഡി.എസ്, ചിറ്റൂർ | ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട 29,678/- രൂപ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ള 2,07,660/- രൂപയും കണ്ടെത്തി . | ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട 29,678/- രൂപ അടിയന്തിരമായി പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വിനിയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള 2,07,660/- രൂപ പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാനും ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 83 | അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസ്, പാലക്കാട് | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ 93,163/- രൂപ കണ്ടെത്തി . | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ വന്നിട്ടുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്കുവാൻ ശിപാർശ നൽകി. | 97,513/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 84 | കൃഷിഭവൻ, എലവഞ്ചേരി | ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ 1,89,847/- രൂപ കണ്ടെത്തി . | ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ സ്വരൂപിക്കപ്പെട്ട 1,89,847/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിന് ശുപാർശ ചെയ്യു . | ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| 85 | കുടുംബശ്രീ, പാലക്കാട് | ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള നീക്കിയിരിപ്പ് തുകയായ 20,07,551/- രൂപ കണ്ടെത്തി. | ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിൽ പരിപാലിച്ച് വരുന്ന ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള നീക്കിയിരിപ്പ് തുകയായ 20,07,551/- രൂപ കുടുംബശ്രീ സംസ്ഥാന മിഷൻ ഡയറക്ടറുടെ അനുമതി ലഭ്യമാക്കിയതിനു ശേഷം അടിയന്തിരമായി പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 86 | താലൂക്ക് ഇൻഡസ്ട്രീസ്, ഓഫീസ്, പാലക്കാട് | M/s Elim Feeds, Attappallam എന്ന ഗുണഭോക്താവിന് ചട്ടവിരുദ്ധമായി സബ്സിഡിയായി 8,71,185/- രൂപ നൽകിയതായി കണ്ടെത്തി. | ഗുണഭോക്താവിന് (M/s Elim Feeds, Attappallam) സബ്സിഡിയായി നൽകിയ 8,71,185/- രൂപ തിരിച്ചു പിടിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. | 8,71,185/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 87 | ഐ.സി.ഡി.എസ്, പാലക്കാട് | ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ 31,075/- രൂപയും 83,665/- രൂപയും കണ്ടെത്തി. | ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നീക്കിയിരുപ്പുള്ള 31,075/- രൂപയും 83,665/- രൂപയും പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മുതൽക്കൂട്ടുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 88 | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്മെന്റ്, പാലക്കാട് | പദ്ധതി പൂർത്തീകരണത്തിന് മുമ്പ് തന്നെ 21,26,575/- രൂപ ട്രഷറിയിൽ നിന്നും മാറിയെടുത്തതായി കണ്ടെത്തി. | പദ്ധതി പൂർത്തീകരണത്തിന് മുമ്പ് തന്നെ 21,26,575/- രൂപ ട്രഷറിയിൽ നിന്നും മാറിയെടുത്ത തൽസമയത്തെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈ ബില്ലുകൾ ട്രഷറിയിൽനിന്നും മാറിയെടുത്ത തിയ്യതിയായ 31/03/16 മുതൽ ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്ന തിയ്യതി വരേക്ക് അല്ലെങ്കിൽ ട്രഷറിയിലേക്ക് തിരിച്ചടയ്ക്കുന്ന തിയ്യതി വരേക്ക് തുകയ്ക്കുള്ള 18% പലിശ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽകൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 89 | വില്ലേജ് ഓഫീസ്, പാലക്കാട് 2 | നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക യഥാസമയം ട്രഷറിയിൽ അടക്കുന്നില്ലായെന്നു കണ്ടെത്തി . | പിരിച്ചെടുത്ത തുക യഥാസമയം ട്രഷറിയിൽ അടയ്ക്കാതെ കൈവശം സൂക്ഷിച്ച വില്ലേജ് ഓഫീസർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 90 | ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് | ഔദ്യോഗിക വാഹനം ദുരുപയോഗം കണ്ടെത്തി . | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് പിഴയായി ടി കാലയളവിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവരിൽനിന്നും 5323/- രൂപ തുല്യമായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മുതൽകൂട്ടുന്നതിന് ശുപാർശ ചെയ്തു | " |

| | | | | |
|---|---|---|---|---|
| 91 | എസ്.എൻ.കോളേജ്, ആലത്തൂർ | സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കാതെയും നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയും സർക്കാർ ഫണ്ട്, പി.ഡി.ഫണ്ട് ഇടങ്ങിയവ ഉപയോഗിച്ച് നടത്തിയ വിവിധ പർച്ചേസുകൾ നടത്തിയതായി കണ്ടെത്തി . | ഉത്തരവാദിയായിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും 5,99,550/- രൂപ 18% പലിശ സഹിതം ഈടാക്കുവാനും ടിയാൻമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്. | ,, |
| 92 | ബ്ലോക്ക് പഞ്ചായത്ത്, മലമ്പുഴ | സർക്കാർ വാഹനത്തിന്റെ ഉപയോഗത്തിലും ബന്ധപ്പെട്ട രേഖകളുടെ പരിപാലനത്തിലും വീഴ്ച്ച കണ്ടെത്തി . | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഇൻചാർജ്ജ്മാരായി സേവനം അനുഷ്ഠിച്ച ശ്രീ.മനോജിത്ത് പസന്ത്, ശ്രീ.പി.ടി.ഉണ്ണി എന്നിവരിൽ നിന്നും 7431/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മുതൽ കൂട്ടുന്നതിനും വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.എം. കൃഷ്ണകുമാറിനെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ,,, |
| 93 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, പുതുക്കോട് | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | കുറവ് വന്ന മരുന്നുകളുടെ വിലയായ 1371/- രൂപ സർക്കാരിലേക്ക് ഒടുക്കാൻ നിർദ്ദേശം നൽകി. | 1371/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട് |
| 94 | ഗവൺമെന്റ് ഹൈസ്കൂൾ, ഷൊർണൂർ | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ സ്വരൂപിക്കപ്പെട്ട 20004/- രൂപ കണ്ടെത്തി . | കുറവ് വന്ന മരുന്നുകളുടെ വിലയായ 24,399/- രൂപ സർക്കാരിലേക്ക് ഒടുക്കാൻ നിർദ്ദേശം നൽകി. | 24,399/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 95 | ഐ.സി.ഡി.എസ്, ശ്രീകൃഷ്ണപുരം | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ സ്വരൂപിക്കപ്പെട്ട 22,354/- രൂപ കണ്ടെത്തി . | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ സ്വരൂപിക്കപ്പെട്ട 22,354/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മുതൽക്കൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 96 | പ്രിൻസിപ്പൾ അഗ്രികൾച്ചറൽ ഓഫീസ്, പാലക്കാട് | ഔദ്യോഗികവാഹനങ്ങൾ ദുരുപയോഗം കണ്ടെത്തി . | ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും 24831/-രൂപ പിഴയായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മുതൽക്കൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട് | ,, |
| 97 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ | വാഹന ദുരുപയോഗം കണ്ടെത്തി . | ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 3,06,525/-രൂപഈടാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | ,, |

| | | | | |
|---|---|---|---|---|
| 98 | ഗ്രാമപഞ്ചായത്ത്, കൊല്ലങ്കോട് | ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടാതെതന്നെ വേതനം നൽകിയതായി കണ്ടെത്തി . | പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും 496150/-രൂപ ഈടാക്കി പഞ്ചായത്തിന്റെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 99 | താലൂക്ക് ഓഫീസ്, പാലക്കാട്, അനുബന്ധ വില്ലേജ് ഓഫീസുകൾ | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പുനർനിർണ്ണയം സംബന്ധിച്ച് ക്രമക്കേടുകൾ കണ്ടെത്തി . | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പുനർനിർണ്ണയിച്ച് അതിൻപ്രകാരം ടാക്സ് കണക്കാക്കി ട്രഷറിയിൽ ഒടുക്കുന്നതിനും, ശ്രീ.ടി.വിജയനെതിരെ (തഹസിൽദാർ) വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട് | " |
| 100 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട്) | ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് | സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട തുകയായ 1291016 /- രൂപ ട്രഷറി അക്കൗണ്ടിലേക്കു മാറ്റാൻ ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 101 | കൃഷിഭവൻ, മാത്തൂർ | പലിശ ഇനത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 52865/- രൂപ കണ്ടെത്തി . | പലിശ ഇനത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി നാളിതുവരേക്ക് സ്വരൂപിക്കപ്പെട്ട 52865/- രൂപ ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. | " |
| 102 | ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ, തൃത്താല | മാർക്കറ്റ് വിലയേക്കാൾ അധികവില നൽകി ക്ഷീരസഹകരണ സംഘത്തിൽനിന്നും പാൽ വാങ്ങിയതായി കണ്ടെത്തി . | ചെലവഴിച്ച അധിക തുകയായ 1680/-രൂപ സീനിയർ സൂപ്രണ്ട് ശ്രീ.എസ്.കൃഷ്ണകുമാറിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 103 | ഗവൺമെന്റ് വെറ്റിനറി പോളി ക്ലിനിക്ക്, ചിറ്റൂർ | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | കുറവ് വന്ന മരുന്നുകളുടെ വിലയായ 20162/- രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ശിപാർശ നൽകി. | 20,162/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 104 | ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, പട്ടാമ്പി | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | കുറവ് വന്ന മരുന്നുകളുടെ വിലയായ 1085/- രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ശിപാർശ നൽകി. | 1085/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| 105 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നന്ദിയോട് | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | പരിശോധനാവേളയിൽ കുറവ്കണ്ട് മരുന്നുകളുടെ ആകെ വിലയായ 39,197/- രൂപ ഫാർമസിസ്റ്റ് ശ്രീ.എസ്.ഹരിയിൽനിന്നും മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് ഡോ.ഇ. വിനീതയിൽനിന്നും തുല്യമായി ഈടാക്കുന്നതിനും ശ്രീ.മുരളീധരന്റെ കൈവശമുള്ള ആശുപത്രിവികസന ഫണ്ട് 3107/- രൂപ ടിയാനിൽ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| 106 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലമ്പുഴ | പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് മുൻപ് 3,01,99,100/- രൂപ അനവസരത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടെത്തി . | മുൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.ഒ. രേണുകാദേവിക്കെതിരെ വകുപ്പുതലത്തിൽ അനുയോജ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സജി.എം.രാജേഷിനെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന 3,01,99,100/-രൂപ അടിയന്തിരമായി പിൻവലിച്ച് ബന്ധപ്പെട്ട എന്ന ശീർഷകത്തിലേക്ക് തിരിച്ചടക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട് . | " |
| 107. | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പാലക്കാട് | ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള തുകയായ 47,557/- രൂപ കണ്ടെത്തി . | ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരിൽ പരിപാലിച്ചുവരുന്ന ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള തുകയായ 47,557/- രൂപ അടിയന്തിരമായി പിൻവലിച്ച് ബന്ധപ്പെട്ട എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 108 | ഐ.സി.ഡി.എസ്, മലമ്പുഴ | ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള തുകയായ 33,066/- രൂപ കണ്ടെത്തി . | ശിശുവികസന പദ്ധതി ഓഫീസറുടെ പേരിൽ പരിപാലിച്ചുവരുന്ന ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള തുകയായ 33,066/- രൂപ അടിയന്തിരമായി പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻ ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 109 | പ്രൈമറി ഹെൽത്ത് സെന്റർ, പറമ്പിക്കുളം | 2012-13 മുതൽ 2014-15 വരേക്ക് വാർഡ്തല ശുചിത്വ ഫണ്ട് ഇനത്തിൽ ലഭിച്ച 40,000/- രൂപ ടി പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടില്ലായെന്നു കണ്ടെത്തി . | 2012-13 മുതൽ 2014-15 വരേക്ക് വാർഡ്തല ശുചിത്വ ഫണ്ട് ഇനത്തിൽ ലഭിച്ച 40,000/- രൂപ ടി പ്രവൃത്തികൾക്കായി വിനിയോഗിക്കാതിരുന്നതിന് മെഡിക്കൽ ഓഫീസർ ഡോ.ആർ.ശ്രീഹരി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി.ശശിത.ജി എന്നിവർക്കെതിരേ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും പറമ്പിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പരിപാലിച്ചുവരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നാളിതുവരേക്ക് സ്വരൂപിക്കപ്പെട്ട വകുപ്പുതല ഫണ്ടുകളുമായി ബന്ധപ്പെട്ട തുകകളുടെ പലിശ ''0049-04-800-80-Miscellaneous Receipts – other items'' എന്ന ശീർഷകത്തിലേക്ക് അടിയന്തിരമായി മുതൽക്കൂട്ടുവാനും ശുപാർശ ചെയ്തിട്ടുണ്ട് . | " |
| 110 | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, മണ്ണാർക്കാട് | തെങ്കര ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി തുകയായ 3,75,000/- രൂപ ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് മുൻപ് തന്നെ നൽകിയതായി കണ്ടെത്തി . | ടി തുകയുടെ 18% പലിശ തൽസമയത്തെ ക്ഷീരവികസന ഓഫീസറായ ശ്രീമതി.രശ്മി.കെ.ജി.യിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽ കൂട്ടുവാനും ഇത്തരം വീഴ്ചകൾ മേലി ൽആവർത്തിക്കാതിരിക്കുവാൻ ടിയാരിക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുവാനും ശിപാർശ ചെയ്തിരിക്കുന്നു. | " |

| | | | | |
|---|---|---|---|---|
| 111 | പട്ടികജാതി വികസന ഓഫീസ്, കൊല്ലങ്കോട് | ഉപകരണങ്ങൾ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 97,671/- രൂപ അനവസരത്തിൽ വിനിയോഗിച്ചതായി കണ്ടെത്തി . | പട്ടികജാതി വികസന ഓഫീസർ ശ്രീ.കെ.മനോഹരനെതിരെ ഉചിതമായ അച്ചടക്കനടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും 97,671/- രൂപയുടെ 18% പലിശ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻശുപാർശ ചെയ്തിട്ടുണ്ട്. | " |
| 112 | ദേശീയ ആരോഗ്യ ദൗത്യം, പാലക്കാട് | പാലക്കാട് വിമൺ & ചൈൽഡ് ആശുപത്രിയിൽ 'കായകൽപ്പ്' പദ്ധതിക്കായി അനുവദിച്ച തുകയിൽ 18398/-രൂപ യാത്രാബത്ത ഇനത്തിൽ വകമാറ്റി ചെലഴിച്ചതായി കണ്ടെത്തി. | പാലക്കാട് വിമൺ & ചൈൽഡ് ആശുപത്രിയിൽ 'കായകൽപ്പ്' പദ്ധതിക്കായി അനുവദിച്ച തുകയിൽ 18398/-രൂപ യാത്രാബത്ത ഇനത്തിൽ വകമാറ്റി ചെലഴിച്ചത് ആശുപത്രി സൂപ്രണ്ടിൽ നിന്നും മറ്റ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. | " |
| 113 | വെറ്ററിനറി ഡിസ്പെൻസറി, കൊട്ടവായൂർ | പരിശോധനാവേളയിൽ മരുന്നുകളിൽ കുറവ് കണ്ടെത്തി . | മരുന്നുകളുടെ സൂക്ഷിപ്പുകാരനായ വെറ്ററിനറി സർജൻ ശ്രീ.എം.ജയനിൽ നിന്നും ഈടാക്കി ഗവൺമെന്റ് ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മുതൽക്കൂട്ടേണ്ടതും, വെറ്ററിനറി സർജൻ ഡോ.എം.ജയൻ, എ.ബി.സി.യൂണിറ്റിലെ താൽക്കാലിക വെറ്ററിനറി സർജൻമാരായ ഡോ.ബർണാഡ് ജോയ്.കെ, ഡോ.പ്രിയംവദ.ബി.എസ് എന്നിവർക്കെതിരെ വകുപ്പുതലത്തിൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട് | " |
| 114 | ഗ്രാമപഞ്ചായത്ത്, മങ്കര | ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ സ്വരൂപിക്കപ്പെട്ട 2,68,303/-രൂപ കണ്ടെത്തി . | ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചു വരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നാളിതു വരേക്ക് സ്വരൂപിക്കപ്പെട്ട പലിശ 2,68,303/-രൂപ (രണ്ടുലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ്റിമൂന്ന് രൂപ മാത്രം) ''0049-04-800-80-Miscellaneous Receipts — other items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിന് ശിപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 115 | **പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, പാലക്കാടും അനുബന്ധ ഓഫീസുകളും (Verification of various offices under the departments of Agriculture in connection with the online registration of farmers)** | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് പരിപാലിച്ചു വരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പായി 2,19,66,853.60 രൂപ കണ്ടെത്തി . | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് പരിപാലിച്ചു വരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ നിക്ഷേപത്തിലെ നീക്കിയിരുപ്പായ 2,19,66,853.60 രൂപ 22/03/17- ലെ സ.ഉ.(എം.എസ്) നം.37/17/കൃഷി-ം നമ്പർ ഉത്തരവിലെ നിർദ്ദേശത്തിന്റെ- യടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ ഇക്കാര്യത്തിനായി പരിപാലിച്ചുവരുന്ന അക്കൗണ്ടിലേക്ക് അടിയന്തിരമായി മാറ്റി നിക്ഷേപിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. | ,, |
| 116 | കേരള മത്സ്യ - സമുദ്ര പഠന സർവ്വ കലാശാല | ബാങ്ക് അക്കൗണ്ടുകളിൽ 15,27,81,092 രൂപ ക്രമവിരുദ്ധമായി നിക്ഷേപിച്ചിട്ടുള്ളതായി കണ്ടെത്തി . | ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ക്രമീകരിക്കുവാനും, കേരള കാർഷിക സർവകലാശാലയിൽ നിന്ന് പുതുതായി PSC വഴി നിയമിതരായവർക്കും, നിലവിലുള്ള ജീവനക്കാർക്കും അവശ്യം വേണ്ടുന്ന പരിശീലനം (പ്രത്യേകിച്ച് KFC/KTC/KAC എന്നിവ സംബന്ധിച്ച്) നൽകുവാൻ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകി. | ,, |
| 117 | കേളപ്പജി മെമ്മോറിയൽ പ്രൈമറി ഹെൽത്ത് സെന്റർ, പേരൂർ | ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ സഞ്ചിതമായി 22,304/- രൂപ കണ്ടെത്തി . | ബാങ്ക് അക്കൗണ്ടുകളിൽ പലിശയിനത്തിൽ നാളിതുവരേക്ക് സഞ്ചിതമായിട്ടുള്ള തുകയായ 22,304/- രൂപ അടിയന്തിരമായി പിൻവലിച്ച് ''0049-04-800-80-Miscellaneous Receipts Other Items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻ ശിപാർശ ചെയ്തു. | ,, |
| 118 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ | ഭരണാനുമതി ലഭ്യമാക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തി. | ഭരണാനുമതി ലഭ്യമാക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതിന് തൽസമയത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരായി ശ്രീ.എം.വിമൽ, ശ്രീ.രാജീവൻ.എം, ശ്രീ.സി.ശശികുമാർ, ഫോറസ്റ്റ് സർക്കിൾ ചീഫ് കൺസർവേറ്റർമാരായ ശ്രീ.രാജേഷ് രവീന്ദ്രൻ, ശ്രീ.പ്രമോദ് ജി കൃഷ്ണൻ, ശ്രീ.എൽ.ചന്ദ്രശേഖർ എന്നിവർക്കെതിരെ കർശനമായ അച്ചടക്ക് നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട് | ,,, |

| | | | | |
|---|---|---|---|---|
| 119 | ബി.എസ്. എസ്.എച്ച്.എസ്, കൊല്ലങ്കോട് | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തി. | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ കൊല്ലങ്കോട് ബി.എസ്.എസ്.ഹൈസ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ.കെ.വി.സന്തോഷ് കുമാറിനെതിരെ സസ്പെൻഷനോടു കൂടിയ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യു. | " |
| 120 | SLBP, Thrissur | 2008-2009 മുതൽ പൂർത്തീകരിച്ച വിവിധ പദ്ധതികളിലെ ബാക്കി തുക തിരിച്ചടച്ചിട്ടില്ല എ | പൂർത്തീകരിച്ച വിവിധ പദ്ധതികളിലെ ചിലവഴിക്കാത്ത തുക 15712040 /- അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടക്കാൻ ശുപാർശ ചെയ്യു | " |
| 121 | DMO, Thrissur | വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് അച്ചടി ജോലികൾ നടത്തിയതിൽ ക്രമക്കേട് | നിർദിഷ്ട നിരക്കിനേക്കാൾ കൂടുതൽ അച്ചടി ജോലികൾക്കായി ചിലവഴിച്ച 153560 /- രൂപ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചു പിടിക്കാൻ ശുപാർശ ചെയ്യു . | " |
| 122 | O/o ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനവകുപ്പ്, വയനാട് | ക്ഷീര സഹകരണ സംഘങ്ങൾക്ക് ISO 22000-2005 സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന പദ്ധതിയുടെ സബ്സിഡിതുകയായ 300000/- രൂപ പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥ നായിരുന്ന ശ്രീ. എം. പ്രകാശ് മാനദണ്ഡങ്ങൾ ലംഘിച്ച് സംഘങ്ങൾക്ക് അനുവദിച്ച് നൽകി. ക്ഷീര സഹകരണ സംഘങ്ങൾക്ക് ISO 22000-2005സർട്ടിഫിക്കേഷൻ പദ്ധതി യിൽസംഘങ്ങൾക്ക് അനധികൃ തമായി പണം സ്വീകരിക്കുന്നതിന് സഹായകരമായ കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII-A പ്രകാരം ലീവിൽ പ്രവേശിച്ചുകൊണ്ട് ശ്രീ. രാംഗോപാൽ, ശ്രീ. എം. സുനിൽ കുമാർ എന്നിവർ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളില് സ്വകാര്യമായി പ്രവർത്തിച്ചു. രീതിയിൽ ക്ഷീരവികസന വകുപ്പിലെ അസി. ഡയറക്ടറായ ശ്രീ. രാംഗോപാൽ കൃത്രിമ വൌച്ചറുകൾ തയ്യാറാക്കി. | ക്രമവിരുദ്ധമായി സബ്സിഡി തുക അനുവദിച്ചുനൽകിയതിന് പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥനായിരുന്ന ശ്രീ. എം. പ്രകാശിൽ നിന്നും പിഴ ഈടാക്കുവാനും ക്രമക്കേടുകൾ നടത്തിയ അസി. ഡയറക്ടറായിരുന്ന ശ്രീ. എം. പ്രകാശ്, ശ്രീ. രാംഗോപാൽ എന്നിവർക്കെതിരെ  കർശനമായ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാനും ശിപാർശ ചെയ്യു. | " |

| | | | | |
|---|---|---|---|---|
| 123 | o/o കോ- ഓപ്പറേറ്റീവ് അസി. രജിസ്ട്രാർ (പ്ലാനിംഗ്), കൽപ്പറ്റ | അമ്പലവയൽ കൺസ്യൂമർ സഹകരണ സംഘത്തിൻറെ ഉടമസ്ഥതയിൽ അമ്പലവയൽ വില്ലേജിലുണ്ടായിരുന്ന, 828/4(റീ.സ നമ്പർ 215/1A1A) സർവ്വേ നമ്പറിലുള്ള 10 സെൻറ് സ്ഥലം HOPCO (Kerala State Horticultural and Agricultural Producers Marketting Co-operative Society) ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും, രജിസ്ട്രേഷൻ വ്യവസ്ഥകളിൽ പറഞ്ഞ പ്രകാരം കാർഷിക നേഴ്സറി ഉത്പന്ന വിപണന കേന്ദ്രം സ്ഥാപിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള അഭിവൃദ്ധിപ്പെടുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ലെന്ന കണ്ടെത്തി. | ടി ഭൂമി HOPCOയ്ക്ക് കൈമാറിയ ഉത്തരവ് അടിയന്തരമായി റദ്ദ ചെയ്ത് ഭൂമി സർക്കാരിലേക്ക് ആർജ്ജിക്കുന്നതിന് സാധ്യത പരിശോധിച്ച് നടപടിയെടുക്കാൻ ഭരണവകുപ്പിന് നിർദ്ദേശം നൽകി | " |
| 124 | സബ് ജയിൽ വൈത്തിരി. | വൈത്തിരി സ്പെഷ്യൽ സബ്ജയിലിലേക്ക് ഭക്ഷണത്തിനുള്ള വിവിധ സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് മുൻ സൂപ്രണ്ട് ശ്രീ.മൊയ്തു വ്യാപക കൃത്രിമം നടത്തുകയും വ്യാജ ബില്ലുകളുപയോഗിച്ച് 306074/- രൂപ പിൻ വലിക്കുകയും ചെയ്തു. വെള്ളക്കരം അടയ്ക്കുന്നതിന് എന്ന പേരിൽ ശ്രീ.മൊയ്തു 12817/- രൂപ, അനധികൃതമായി പിൻവലിച്ചു. ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തി. സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ഒരേ ഭക്ഷണ മെനു നടപ്പാക്കിയിരിക്കുന്നത് ചില ഭക്ഷണയിനങ്ങളുടെ ഉപയോഗത്തിൽ പ്രാദേശി കമായ ഏറ്റക്കുറച്ചിലുകൾക്ക് വഴിയൊരുക്കു ന്നതായി കണ്ടെത്തി. | വ്യാപകമായ ക്രമക്കേടുകൾ നടത്തിയ മുൻ സൂപ്രണ്ട് ശ്രീ.മൊയ്തുവിൽ നിന്നും ക്രമക്കേടുകൾ നടത്തി മാറിയെടുത്ത 306074/- രൂപ 31.10.2016 തിയ്യതി വരെയുള്ള 18% പലിശ സഹിതം മൊത്തം 529559/- രൂപ തിരിച്ചുപിടിക്കുവാൻ ശിപാർശ നൽകി | " |

| | | | | |
|---|---|---|---|---|
| 125 | ST എൻട്രൻസ് കോച്ചിംഗ്- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എൻട്രൻസ് പരിശീലന പദ്ധതിയുടെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തി. സർക്കാരിൽ നിന്ന് വിവിധ തരം നികുതി ഇളവുകൾനേടി, പൊതു സംഭാവനകൾ സ്വീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നേടിയ 'ഇംഗ്ലീഷ് എഡ്യുക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി' എന്ന സ്ഥാപനം മത്സരാധിഷ്ഠിത ടെണ്ടറിൽ പങ്കെടുക്കുകയും ഗുരുതരമായ ക്രമക്കേടുകൾ നടത്തി, കൃത്രിമ രേഖകൾ ചമച്ച് സർക്കാർ പണം തട്ടിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു. AMMRGHSS നല്ലൂർനാട്, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് മാനന്തവാടി എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ ഈ പരിശീലന സ്ഥാപനത്തിന് അനുകൂലമായി സാക്ഷ്യപത്രം നൽകി.. കൃത്രിമ മാർഗങ്ങളിലൂടെ സർക്കാർ പണം കൈക്കലാക്കുന്നതിന് ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ നടത്തിയ ശ്രമത്തിനു സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ. കര്യാക്കോസ് തന്റെ പദവി ദുരുപയോഗം ചെയ്തു. | എൻട്രൻസ് പരിശീലന പദ്ധതിയുടെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക് ശ്രീ. ഗിരീഷ്, ഹെഡ് ക്ലാർക്ക് ശ്രീ.സിബി തോമസ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.കെ മോഹനൻ നായർ എന്നിവർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ ശിപാർശ നൽകി. പരിശീലന പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 'അമേരിക്കൻ എഡ്യൂക്കേഷണൽ ഇൻസ്റ്റിട്യൂട്ട്' എന്ന സ്ഥാപനം നിരവധി ക്രമക്കേടുകൾ നടത്തിയതായി വ്യക്തമായ സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് നാളിതുവരെയായി വന്ന സാമ്പത്തിക നഷ്ടം ( പദ്ധതി രൂപീകരണം, ടെണ്ടർപരസ്യം ഇടങ്ങിയഇനത്തിൽ ) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിനും, സാധ്യമല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും ശിപാർശ ചെയ്തു. | " |
| 126 | ചിറക്കര കുടിവെള്ള പദ്ധതി- മാനന്തവാടി നഗരസഭ | ചിറക്കര 3rdകുടിവെള്ള പദ്ധതി'യിൽ പ്രവൃത്തി ചെയ്ത അളവുകളിൽ കൃത്രിമം കാണിച്ച് 22154/- രൂപ അധികമായി അനുവദിച്ചു, പ്രവൃത്തിക്കായി സിമന്റ്, പൈപ്പ്, കമ്പി എന്നിവ വാങ്ങിയതായി . കാണിച്ച് വ്യാജ ബിൽ സമർപ്പിച്ചതിലൂടെ സർക്കാരിന് നികുതിയിനത്തിൽ 30746/- രൂപ നഷ്ടം വരുത്തി. | അധികമായി അനുവദിച്ച22154/- രൂപ 18% പലിശ സഹിതം നിർവഹണ ഉദ്യോഗസ്ഥനായിരുന്ന അസി. എഞ്ചിനീയർ ശ്രീ. ബൈജു, ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയർ ശ്രീ. ബാബുരാജ് കൊയിലേരി എന്നിവരിൽ നിന്നും ഈടാക്കുവാനും. സർക്കാരിന് നികുതിയിനത്തിൽ നഷ്ടം വരുത്തിയ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബൈജുവിൽ നിന്നും 32276/-/- രൂപ, 18% പലിശ സഹിതം ഈടാക്കുവാനും ശിപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 127 | കുറുമ്പാലക്കോട്ട-TSP സ്റ്റെപ്പ് നിർമാണം പനമരം ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് | സ്വകാര്യ ഭൂമിയിൽ പൊതുപണം ഉപയോഗിച്ച് കോളനിക്കാർക്ക് യാത്രാ സൌകര്യമൊരുക്കുന്നതിനെന്ന പേരിൽ കുറുമ്പാലക്കോട്ട സ്റ്റെപ്പ നിർമ്മാണം റീച്ച് I, റീച്ച് II, റീച്ച് III എന്നീ പദ്ധതികൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ കോളനിക്കാർക്ക് ഗുണകരമല്ലാത്ത രീതിയിൽ 7,54,066/- രൂപ ചെലവഴിച്ച് സ്വകാര്യ ഭൂമിയിൽ നിർമ്മിച്ചു. പനമരം ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തിയ കുറുമ്പാലക്കോട്ട -പാറക്കൽ മീതെ കോളനി റോഡ് സോളിംഗ്, മൺപണി' എന്ന പ്രവർത്തിയിൽ 44,503/-രൂപ അധികമായിഅനുവദിച്ചു. പനമരം ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും അശാസ്ത്രീയമായും ചട്ടലംഘനം നടത്തിയും പദ്ധതി നിർവ്വഹണം നടത്തുന്നതിന് സഹായകരമായ രീതിയിൽ, പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരായിരുന്ന ശ്രീമതി. ശ്രീകല, ശ്രീ ബിജു കെ.എൽ. എന്നിവർ വളരെ അവ്യക്തവും കൃത്യതയില്ലാത്തതുമായ ഫീസിബിലിറ്റി റിപ്പോർട്ട് നൽകി. | സ്വകാര്യ ഭൂമിയിൽ പൊതുപണം ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 7,54,066/- രൂപ ഈടാക്കുവാൻ ശിപാർശ നൽകി. കുറുമ്പാലക്കോട്ട- പറയ്ക്കൽ മീതെ കോളനി റോഡ് സോളിംഗ്, മൺപണി എന്ന പ്രവൃത്തിയിൽ അധികമായി അനുവദിച്ച 44,503/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കുവാനും. ടി ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ നൽകി. | " |
| 128 | GUPS പൂതാടി | വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി അനുവദിച്ച 51900/-രൂപ മുൻകൂർ മാറിയെടുത്ത് പൂതാടി ജി.യു.പി.സ്കൂൾ പ്രധാനാദ്ധ്യാപകൻ ശ്രീ. കെ.വി ബാബു ഒരു മാസത്തോളം കൈവശം സൂക്ഷിച്ച് സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു. പി.ടി.എ യുടെ അനുമതിയോടു കൂടി നടത്തിയ പിരിവു സംഖ്യയ്ക്ക് യഥാസമയം രശീത് നൽകുകയോ പിരിച്ച തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുകയോ ചെയ്തില്ല.. സ്കൂളിലെ പ്രധാന/അനുബന്ധ ക്യാഷ് ബുക്കുകൾ നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായ സൂക്ഷിക്കുന്നില്ല. സ്കൂൾ വികസന സമിതിയുടെ നേതൃത്വത്തിൽ വാങ്ങിയ വാഹനം സ്കൂൾ വാഹനമായി രജിസ്റ്റർചെയ്തിട്ടില്ല. | 2016-2017 വർഷത്തെ യൂണിഫോം ഇനത്തിൽ യഥാർത്ഥത്തിൽ നൽകിയ തുകയേക്കാൾ അധികം നൽകിയതായി കാണിച്ച 800/- രൂപയോടൊപ്പം അനധികൃതമായി കൈവശം സൂക്ഷിച്ച 51900/- രൂപയ്ക്ക് പണം പിൻവലിച്ച തിയ്യതിയായ 19.07.16 മുതൽ പണം നൽകിയ 16.08.16 വരെ 28 ദിവസത്തേക്ക് 18% പലിശ നിരക്കിൽ 703/- രൂപയുമടക്കം 1503/- രൂപ പൂതാടി ജി.യു.പി.സ്കൂൾ പ്രധാനാദ്ധ്യാപകൻ ശ്രീ.കെ.വി ബാബുവിൽ നിന്നും ഈടാക്കുവാനും ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തു. | " |
| 129 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, കാസർഗോഡ് | അർഹതയില്ലാതെ ബന്ധുവിന് ഓഫീസറെ തെറ്റിധരിപ്പിച്ച് കാസർഗോഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്ന് 50000/- രൂപാ സബ്സിഡി നൽകിയതായി കണ്ടെത്തി. | അനർഹമായ വ്യക്തിക്ക് സബ്സിഡി നൽകിയ പ്രൊമോട്ടർക്കെതിരെ ശിക്ഷാ നടപടി ശുപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 130 | ഉദുമ ഗ്രാമ പഞ്ചായത്ത് ഓഫീസ്, കാസർഗോഡ് | പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതിയിൽ ഉദുമ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടത്തിയ പരിശോധനയിൽ 3,62,000/- രൂപയുടെ സാമ്പത്തിക ക്രമക്കേട് കണ്ടെത്തി. | സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദിയായ ഉദുമ ഗ്രാമപഞ്ചായ സെക്രട്ടറിക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തു. | " |
| 131 | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ പട്ടികവിഭാഗങ്ങൾക്കായി നടപ്പിലാക്കിയ സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ(TESM) പദ്ധതി ക്രമക്കേട് | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ അനെർട്ട് ലഭ്യമാക്കിയ 900 ചൂടാറാപ്പെട്ടികൾ നാളിതു വരെ വിതരണം ചെയ്യാത്തതിനാൽ അവയിൽ ഭൂരിഭാഗവും നശിച്ചു പോകാനിടയാക്കിയതായി കണ്ടെത്തി | അനെർട്ട് ലഭ്യമാക്കിയ 900 ചൂടാറാപ്പെട്ടികൾ നാളിതു വരെ വിതരണം ചെയ്യാത്തതിനും അവയിൽ ഭൂരിഭാഗവും നശിച്ചു പോകാനിടയാക്കിയതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പു തല അന്വേഷണത്തിനും അനന്തരനടപടികൾക്കും ശിപാർശ നൽകി | " |
| 132 | ഹോർട്ടികോർപ്പ് ഹെഡ് ഓഫീസിലും ആനയറ റീജിണിൽ പ്രൊക്വയർമെന്റ് യൂണിറ്റിലും നടത്തിയ പരിശോധന | കൃത്യമായ ഓഡിറ്റിങ്ങ് നടത്തിയിട്ടില്ല. ലാഭ നഷ്ട കണക്കുകളിൽ വ്യാപക വ്യത്യാസം കണ്ടെത്തി. | പർച്ചേസ് മാനേജർമാർ, പ്രൊക്വയർമെന്റ് മാനേജർമാർ , സ്റ്റോർ സൂപ്പർവൈസർമാർ, പർച്ചേസ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും. 2016 നവംബർ, ഡിസംബർ 2017 ജനുവരി മാസങ്ങളിൽ ഡെലിവറി ചെലാൻ തിരുത്തി കോർപ്പറേഷന് നഷ്ടപ്പെടുത്തിയ 19,04,462/- രൂപ ഈടാക്കാനും ശുപാർശ ചെയ്തു. | " |
| 133 | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലേയ്ക്ക് (RCC) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും അനുവദിച്ച് നല്കിയ തുകകളുടെ വിനിയോഗം സംബന്ധിച്ച് ലഭിച്ച പരാതിയിൽമേൽ റീജിയണൽ ക്യാൻസർ സെന്ററിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധന | (RCC) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും അനുവദിച്ച് നല്കിയ തുകകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ ഓഡിറ്റിങ്ങ് നടത്തിയിട്ടില്ല. | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുകകളും ഇവയുടെ വിനിയോഗവും സംബന്ധിച്ച് സമഗ്രമായ ഓഡിറ്റ് നടത്തുന്നതിന് KBF അഡ്മിനിസ്ട്രേറ്റർക്ക് നിർദ്ദേശം നൽകുവാൻ ശിപാർശ ചെയ്തു. | " |

| | | | | |
|---|---|---|---|---|
| 134 | മീറ്റ്പ്രോഡക്റ്റ് ഓഫ് ഇൻഡ്യ | ഭരണാനുമതി ലഭിക്കുന്നതിനുമുൻപായി M/S MEATEK FOOD MACHINERIES INDIA PVT. LTD, LUCKNOW എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായി കണ്ടെത്തി. | ഭരണാനുമതി ലഭിക്കുന്നതിനുമുൻപായി M/S MEATEK FOOD MACHINERIES INDIA PVT. LTD, LUCKNOW എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുവാൻ എം.ഡിയെ ചുമതലപ്പെടുത്തിയതിനും പ്രവൃത്തി, വൈകാനുണ്ടായ സാഹചര്യം സംബന്ധിച്ച് മീറ്റ് പ്രോഡക്ടസ് ഓഫ് ഇൻഡ്യയിൽ നിന്നും അടിയന്തിരമായി റിപ്പോർട്ട് വാങ്ങി തുടർ നടപടിയെടുക്കുവാനും ഭരണ വകുപ്പിന് ശിപാർശ നൽകി | " |
| 135 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 16,62,962 രൂപ നിഷ്ക്രിയ ഫണ്ടുള്ളതായും 90,818/- രൂപ അനുമതിയില്ലാതെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായും കണ്ടെത്തി. | നിഷ്ക്രിയ ഫണ്ടായി കണ്ടെത്തിയ 16,62,962 രൂപയും, അനുമതിയില്ലാതെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച 90,818/- രൂപയും ക്രമീകരിക്കുവാനുള്ള നിർദ്ദേശം നൽകി | " |
| 136 | വെറ്റിനറി ഹോസ്പിറ്റൽ നീലേശ്വരം | തിരിച്ചറിയാനാകാതെ അക്കൗണ്ടിൽ 62,265/- രൂപ സൂക്ഷിച്ചതായി കണ്ടെത്തി. | തിരിച്ചറിയാനാകാതെ അക്കൗണ്ടിൽ സൂക്ഷിച്ച 62,265/- രൂപ തിരിച്ചടക്കാൻ നിർദ്ദേശം നൽകി | " |
| 137 | സംസ്ഥാന വനിത വികസന കോർപ്പറേഷൻ | സ്വകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക നേട്ടത്തിന് വേണ്ടി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചതായി കണ്ടെത്തി സുരക്ഷാ @ സ്കൂൾ പദ്ധതിക്കായി ചെലവഴിച്ച 35,01,364/- രൂപ M/s എക്സാൾട്ട് ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നൽകിയ തുകയിൽ യാതൊരു പുരോഗതിയും ഇല്ലെന്നു കണ്ടെത്തി, അപ്രായോഗികമായ പദ്ധതിയിലൂടെ ഗുണഭോക്താക്കളെ വഞ്ചിക്കുകയും വായ്പ തിരിച്ചടവ് മുടങ്ങുന്നതിലൂടെ കോർപ്പറേഷൻ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നതിന് കാരണമായതായി കണ്ടെത്തി.ഷീ ഓപ്റ്റിക്കൽസ് പദ്ധതിക്കായി വിനിയോഗിച്ച 135 ലക്ഷം രൂപ റോസ് ഓഫ്ഷാൽമിക്സ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു നൽകിയ തുക പാഴ്ചെലവായതായി കണ്ടെത്തി. | സ്വകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക നേട്ടത്തിന് വേണ്ടി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. മുഹമ്മദ് സുനീഷിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സമഗ്രമായ അന്വേഷണത്തിന് വിധേയനാക്കുവാൻ ശിപാർശ നൽകി. സുരക്ഷാ @ സ്കൂൾ പദ്ധതിക്കായി ചെലവഴിച്ച 35,01,364/- രൂപ M/s എക്സാൾട്ട് ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും പലിശ സഹിതം തിരികെ ഈടാക്കുവാനും, സാധിച്ചില്ല എങ്കിൽ ടി തുക മുൻ മാനേജിംഗ് ഡയറക്ടറുടെ ബാധ്യതയായി കണക്കാക്കി തിരിച്ച് പിടിക്കുവാനും ശിപാർശ നൽകി. അപ്രായോഗികമായ പദ്ധതിയിലൂടെ ഗുണഭോക്താക്കളെ വഞ്ചിക്കുകയും വായ്പ തിരിച്ചടവ് മുടങ്ങുന്നതിലൂടെ കോർപ്പറേഷൻ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നതിന് കാരണമാവുകയും ചെയ്ത ആൾട്ടർനേറ്റ് ലൈഫ് സ്റ്റൈൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് സ്ഥാപനം കൈപ്പറ്റിയ 9 ലക്ഷം രൂപ ടി സ്ഥാപനത്തിൽ നിന്നും പലിശ സഹിതം ഈടാക്കുവാൻ ശിപാർശ നൽകി. | " |
| 138 | കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയിൽ നടത്തിയ പരിശോധന | പാഠ പുസ്തകം അച്ചടിക്കുന്നതിൽ തുക വകമാറ്റിയതായി കണ്ടെത്തി. | പാഠ പുസ്തകം അച്ചടിക്കുന്നതിൽ വകമാറ്റിയ പേപ്പറിന്റെ വിലയായ 1,63,15,558/- രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. | " |
| 139 | എ.ഇ.ഒ., മഞ്ചേശ്വരം | നിഷ്ക്രിയ ഫണ്ട് / പലിശ ഇനത്തിൽ 59,146/- രൂപ കണ്ടെത്തി | നിഷ്ക്രിയ ഫണ്ട് / പലിശ ഇനത്തിൽ കണ്ടെത്തിയ 59,146/- രൂപ തിരിച്ചടക്കാൻ നിർദ്ദേശം നൽകി | " |

| | | | | |
|---|---|---|---|---|
| 140 | വിവിധ വി.ഇ .ഒ. ഓഫീസുകൾ | 1.75 കോടി രൂപ നിഷ്ക്രിയ ഫണ്ട് ഇനത്തിൽ കണ്ടെത്തി | നിഷ്ക്രിയ ഫണ്ട് ഇനത്തിൽ കണ്ടെത്തിയ 1.75 കോടി രൂപ തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ,, |
| 141 | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | 58514/- രൂപ അധികമായി പിൻവലിച്ചത് കണ്ടെത്തി. | അധികമായി പിൻവലിച്ച 58514/- രൂപ ക്രമീകരിക്കാൻ നിർദ്ദേശം നൽകി | ,, |
| 142 | വിവിധ കൃഷി ഓഫീസുകൾ | കർഷക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിർവഹിക്കപ്പെടാത്ത പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യാജരേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ ഡി എ ഓഫീസിൽനിന്നും അനധികൃതമായി തുക കൈപ്പറ്റിയതായി കണ്ടെത്തി. | അനധികൃതമായി തുക കൈപ്പറ്റിയ കൃഷി ഓഫീസർമാരിൽ നിന്നും കൈപ്പറ്റിയ തുക 12% പലിശ സഹിതം ഈടാക്കുവാൻ ശിപാർശ ചെയ്തു. | ,, |
| 143 | ഗവ. യു.പി.സ്കൂൾ , ബേളൂർ | ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച വന്നിട്ടുള്ളതായി കണ്ടെത്തി. | ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച മൂലം നഷ്ടമുണ്ടായ 8160/ രൂപ് തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകി. | ,, |
| 144 | വിവിധ തദ്ദേശസ്ഥാപനങ്ങൾ | 7.13 ലക്ഷം രൂപ അഡ്വാൻസായി മാറി ബാങ്കിൽ നിക്ഷേപിച്ചു. | അഡ്വാൻസായി മാറി ബാങ്കിൽ നിക്ഷേപിച്ച 7.13 ലക്ഷം രൂപ തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകി | ,,,, |
| 145 | അസി. കൃഷി ഡയറക്ടർ, കാറഡുക്ക | നിഷ്ക്രിയ ഫണ്ട് ഇനത്തിൽ 24.40 ലക്ഷം രൂപയും സെറ്റിൽ ചെയ്യാത്ത അഡ്വാൻസ് ഇനത്തിൽ 54.70 ലക്ഷം രൂപയുടെ കണ്ടെത്തി | നിഷ്ക്രിയ ഫണ്ട് ഇനത്തിലും, സെറ്റിൽ ചെയ്യാത്ത അഡ്വാൻസ് ഇനത്തിലും കൂടി കണ്ടെത്തിയ തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ,, |
| 146 | ജില്ലാവ്യവസായ കേന്ദ്രം , ദാരിദ്ര്യലഘൂകരണ വിഭാഗം | 1.82 കോടി രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തി. | നിഷ്ക്രിയ ഫണ്ടായി കണ്ടെത്തിയ 1.82 കോടി രൂപ ക്രമീകരിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു. | ,, |
| 147 | കാസറഗോഡ് നഗരസഭ | അനർഹമായി വിധവാപെൻഷൻ അനുവദിച്ചതായി കണ്ടെത്തി | അനർഹമായി അനുവദിച്ചതായി കണ്ടെത്തിയ വിധവാപെൻഷൻ നിർത്തലാക്കി. | ,, |
| 148 | എസ്.എസ്.എ. ,കാസറഗോഡ് | 130 സ്പെഷലിസ്റ്റ് അധ്യാപകർക്ക് അവർ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പുള്ള കാലയളവിൽ 14,35,616/- (പതിനാല് ലക്ഷത്തി മുപ്പത്തി അഞ്ചായിരത്തി അറുന്നൂറ്റി പതിനാറ്) രൂപ അനർഹമായി ശമ്പളം കൊടുത്തതായി കണ്ടെത്തി. | അനർഹമായി അനുവദിച്ചുകൊടുത്ത 14,35,616/- (പതിനാല് ലക്ഷത്തി മുപ്പത്തി അഞ്ചായിരത്തി അറുന്നൂറ്റി പതിനാറ്) രൂപ ബന്ധപ്പെട്ട അധ്യാപകരിൽനിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് ശിപാർശ ചെയ്തു. | ,, |
| 149 | അസി. കൃഷി ഡയറക്ടർ, മഞ്ചേശ്വരം | 45.18 ലക്ഷം രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തി. | നിഷ്ക്രിയ ഫണ്ടായി കണ്ടെത്തിയ 45.18 ലക്ഷം രൂപ തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ,, |

| | | | | |
|---|---|---|---|---|
| 150 | ജില്ലയിലെ താലൂക് ഓഫീസുകൾ | കാൻസർ/ക്ഷയ/കുഷ്ഠ രോഗ പെൻഷൻ ഗുണഭോക്താ ക്കൾ മരണപ്പെടുന്ന അവസരങ്ങളിലും, തുക കൈപ്പറ്റാതിരിക്കുന്ന മറ്റവസര ങ്ങളിലും വിതരണം ചെയ്യപ്പെടാതെ വരുന്ന മണി ഓർഡർ തുകകൾ TR 5 രസീതി നൽകി താലൂക്കുകളിൽ തിരിച്ച് ലഭ്യമാക്കി ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. സർക്കാർ അനുമതിയില്ലാതെ സുൽത്താൻ ബത്തേരി സഹകരണ ബാങ്കിൽ സുൽത്താൻ ബത്തേരി തഹസിൽദാർ, പ്രസിഡന്റ് എന്നിവരുടെ പേരിൽ ആരംഭിച്ച 5672 നമ്പർ അക്കൗണ്ടിൽ 63255/-രൂപ സൂക്ഷി ച്ചിരിക്കുന്നതായി കണ്ടെത്തി. | വയനാട് ജില്ലയിലെ വിവിധ താലൂക്കുകളിൽ വിവിധ ഇനങ്ങളിലായിപണം പിൻവലിച്ച് മൂന്നു മാസത്തിലധികമായി ചെലവഴിക്കാതെയുള്ള തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ അടിയന്തരമായി തിരിച്ചടച്ച് ടി വിവരം റിപ്പോർട്ട് ചെയ്യുന്നതതിനുള്ള കർശന നിർദേശം നൽകി. സർക്കാർ അനുമതിയില്ലാതെ സുൽത്താൻ ബത്തേരി സഹകരണ ബാങ്കിൽ സുൽത്താൻ ബത്തേരി തഹസിൽദാർ, പ്രസിഡന്റ് എന്നിവരുടെ പേരിൽ ആരംഭിച്ച A/C No 5672 നമ്പർ അക്കൗണ്ട് നിർത്തലാക്കി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 63255/- രൂപ അടിയന്തരമായി സർക്കാരിലേക്ക് അടവാക്കുന്നതിന് നിർദേശം നൽകി. | " |
| 151 | MLA SDF പറയിടം പുല്ലുകറിഞ്ഞി റോഡ് | 2015-2016 വർഷത്തിൽ MLA-SDF പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പറയിടം - പുല്ലുകറിഞ്ഞി റോഡ് പ്രവൃത്തിയിൽ അംഗീകരിക്കപ്പെട്ട ചെയിനേജിൽ 'സൈഡ് പ്രൊട്ടെക്ഷൻ' എന്ന പ്രവൃത്തി നിർവഹിചിട്ടില്ല. HADA പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ 'പറയിടം ജംക്ഷൻ പുല്ലുകറിഞ്ഞി ആറോല റോഡ്' എന്ന പ്രവൃത്തിയിൽ അനുവദിക്കപ്പെട്ട ചെയിനേൽ നിന്നും മാറി 'സൈഡ് പ്രൊട്ടെക്ഷൻ'. എന്ന പ്രവൃത്തി നിർവ്വഹണംനടത്തിയ ഇനത്തിൽ 1,11,000/- രൂപ ചെലവഴിച്ചതായി കണ്ടെത്തി. | MLA-SDF പദ്ധതിയിലുൾപ്പെടുത്തി ചട്ടവിരുദ്ധമായി അനുവദിച്ച നൽകിയ സൈഡ് പ്രൊട്ടെക്ഷൻ ഇനത്തിലെ ചെലവ് 1,50,595/- രൂപ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ, കൺവീനർ എന്നിവരിൽ നിന്നും തുല്യമായി തിരിച്ചുപിടിക്കാൻ ശിപാർശ നൽകി | " |
| 152 | ബേപ്പൂർ മൃഗാശുപത്രിയിലെ പരിശോധനയുടെ തുടർച്ചയായി വയനാട്, പാലക്കാട് ജില്ലകളിലെ പൊൽപ്പള്ളി, മടമ്പ്, പള്ളിക്കുന്ന്, മടക്കിമല എന്നീ വെറ്റിനറി ഹോസ്പിറ്റലുകളിൽ നടത്തിയ പരിശോധന | സുരഭിരക്ഷാപദ്ധതി നടപ്പിലാക്കിയതിൽ സുതാര്യത ഉറപ്പു വരുത്തുന്നതിൽ പൊൽപ്പള്ളി മൃഗാശുപത്രിയിലെ വെറ്റിനറി സർജൻ ശ്രീ. ദേവദാസ് വീഴ്ച വരുത്തിയതായി കണ്ടെത്തി | പൊൽപ്പള്ളി മൃഗാശുപത്രിയിലെ വെറ്റിനറി സർജൻ ശ്രീ. ദേവദാസിനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ശിപാർശ ചെയ്തു | ഭരണ വകുപ്പ് തുടർനടപടി സ്വീകരിച്ചു. ശ്രീമതി.സുലഭക മാരിക്കെതിരെ നടപടി സ്വീകരിച്ചതായി ഭരണവകുപ്പ് റിപ്പോർട്ട് ചെയ്തു. |

| | | | | |
|---|---|---|---|---|
| 153 | കഴിമ്പ്രം വി.പി.എം.എസ്. എൻ.ഡി.പി. എച്ച്.എസ്. എസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വലപ്പാട് & വടക്കാഞ്ചേരി, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ, വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ്, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്, നെടുമ്പുര വില്ലേജ് ഓഫീസ് | ഒരേ സമയം എയ്ഡഡ് സ്കൂൾ ജീവനക്കാരനും, മറ്റ് മൂന്ന് എയ്ഡഡ് സ്കൂളുകളുടെ മാനേജരുമായ ശ്രീ. വി.സി. പ്രവീണിന്റെ ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വലപ്പാട്, വടക്കാഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നടപടികൾ സ്വീകരിക്കാതെ ഗുരുതരമായ അലംഭാവവും കൃത്യവിലോപവും കാണിച്ചതായി കണ്ടെത്തി. | കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ. വി.സി. പ്രവീണിനെതിരെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും, വലപ്പാട്, വടക്കാഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ശിപാർശ നൽകുകയും ചെയ്തു | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 154 | ജില്ലാ ഇൻഫർമേഷൻ ഓഫീസ്, മലപ്പുറം | 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിലെ വിവിധ പ്രോഗ്രാം നടത്തിപ്പുകളിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ തുക വിനിയോഗിച്ചതായും, വീഡിയോ സ്ട്രിങ്ങറായി സേവനമനുഷ്ഠിച്ച് പ്രതിഫലം കൈപ്പറ്റുന്ന വ്യക്തിക്കു തന്നെ 4,14,000/- രൂപയുടെ പരസ്യചിത്ര നിർമ്മാണം, ഡോക്യുമെന്ററി നിർമ്മാണം എന്നീ പ്രവർത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് നൽകിയതായും, VAT ഇനത്തിൽ 49,864/- രൂപ സർക്കാരിലേയ്ക്ക് പിരിച്ചെടുക്കാനുള്ളതായും കണ്ടെത്തി. | ഇൻഫർമേഷൻ ഓഫീസർമാരായ ശ്രീമതി. വി.പി.സുലഭകുമാരി, ശ്രീ. സി.അയ്യപ്പൻ എന്നിവരിൽ നിന്ന് 1,86,865/- രൂപ ഈടാക്കുവാനും, ടി ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും, വീഡിയോ സ്ട്രിങ്ങറായി സേവനമനുഷ്ഠിച്ച് പ്രതിഫലം കൈപ്പറ്റുന്ന വ്യക്തിക്കു തന്നെ 4,14,000/- രൂപയുടെ പരസ്യചിത്ര നിർമ്മാണം, ഡോക്യുമെന്ററി നിർമ്മാണം എന്നീ പ്രവർത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, നികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന 49,864/- രൂപ ഉടൻതന്നെ അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാനും ശുപാർശ നൽകി. | ,, |
| 155 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി ഓഫീസിലെ പേയിംഗ് കൗണ്ടർ ജീവനക്കാരായ ശ്രീമതി. മഞ്ജുഷ.സി.എസ്, ശ്രീമതി. രശ്മി.ജി. എന്നിവർക്ക് ക്രമരഹിതമായി ഇൻസന്റീവ് ഇനത്തിൽ 3,92,130/- രൂപ നൽകിയതായി കണ്ടെത്തി. | ശ്രീമതി. മഞ്ജുഷ.സി.എസ് ൽ നിന്ന് 1,97,063/- രൂപയും ശ്രീമതി. രശ്മി.ജി ൽ നിന്ന് 1,95,067/- രൂപയും ഈടാക്കുന്നതിന് ശിപാർശ നൽകി. | ,, |

| | | | | |
|---|---|---|---|---|
| 156 | ജി.എൽ .പി.എസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി | ഉച്ച ഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട അരിയുടെ വിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തി. ഫിറ്റ്നസ്സില്ലാത്ത കെട്ടിടം പെയിൻറ് ചെയ്യുന്നതിന് വേണ്ടി 3,500/- രൂപ ദുരുപയോഗം ചെയ്തതായും കണ്ടെത്തി. | പ്രസ്തുത ക്രമക്കേടുകളിൻമേൽ 12779/- (9,279+3500) രൂപ 18% പലിശ സഹിതം പ്രധാനാധ്യാപകനിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ നൽകി. | ഹെഡ്മാസ്റ്റർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചു. പി.ടി.എ. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിനിയോഗിച്ച തുക പലിശ സഹിതം 16,603/- രൂപ പി.ടി.എ അക്കൌണ്ടിലേയ്ക്ക് തിരിച്ചടച്ചു. |
| 157 | ബി. ആർ.സി മഞ്ചേരി, | ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന സ്പീച്ച് തെറാപ്പിസ്റ്റിന് അധികവേതനം നൽകിയതായും, ഔദ്യോഗിക അനുമതിയില്ലാതെ ഉദ്യോഗസ്ഥർ സംസ്ഥാനത്തിന് പുറത്ത് യാത്ര നടത്തിയതായും കണ്ടെത്തി. | ക്രമവിരുദ്ധമായി അധികവേതനം അനുവദിച്ച ഓഫീസ് മേധാവിയിൽ നിന്ന് 15,000/- രൂപ 18% പലിശ സഹിതം ഈടാക്കാനും, ഔദ്യോഗിക അനുമതിയില്ലാതെ യാത്ര ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും ശിപാർശ നൽകി. | ,, |
| 158 | മഞ്ചേരി മെഡിക്കൽ കോളജ് - മഞ്ചേരി | ആർട്ടിഫിഷ്യൽ ലിംപ് ഫിറ്റിംഗ് സെൻറർ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യം ഇല്ലാതിരിക്കെ 5 ലക്ഷം രൂപ വിനിയോഗിച്ച് സാധനങ്ങൾ വാങ്ങിക്കൂട്ടിയതായും, 5 വർഷമായി ഈ ഉപകരണങ്ങൾ ഉപയോഗ ശൂന്യമായിക്കിടക്കുന്നതായും കണ്ടെത്തി. | പ്രസ്തുത വീഴ്ച സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം വാങ്ങുവാനും തൃപ്തികരമല്ലെന്ന് കണ്ടാൽ ഭരണവകുപ്പ് തലത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും ശുപാർശ നൽകി. | 29,382/- രൂപ തിരിച്ചടവാക്കി |

| | | | | |
|---|---|---|---|---|
| 159 | ജില്ലാ ആശുപത്രി, നിലമ്പൂർ | ലാബ് ടെക്നീഷ്യൻമാരെ അനധികൃതമായി നിയമിച്ചതായി കണ്ടെത്തി. | അനധികൃ നിയമനം നൽകിയത് വഴി വേതന ഇനത്തിലും മറ്റും ചെലവായ തുക ആശുപത്രി സൂപ്രണ്ടിൽ നിന്ന് 18 % പലിശ സഹിതം ഈടാക്കുന്നതിന് ശുപാർശ ചെയ്തു. | തുടർനടപടി സ്വീകരിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. ശ്രീ. എം. ടെറേഷ്യസിനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. പിഴയിനത്തിൽ 4,27,483/- രൂപ ടിയാൻ ഒടുക്കി.. |
| 160 | ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മഞ്ചേരി | 25-06-2007ലെ ജി.ഒ.(എം.എസ്) നം.126/07/പെ.വി.വ നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 49,583/- രൂപ കൈവശം സൂക്ഷിച്ചതായും, 14,070/- രൂപ വിനിയോഗിച്ചതായും, പി.ടി.എ. യുടെ പേരിൽ നിയമ വിരുദ്ധമായി സമാന്തരമായി മറ്റൊരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചതായും കണ്ടെത്തി. | 14,070/- രൂപ 18% പലിശ സഹിതം തിരിച്ചടക്കുവാനും, ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. ഇസ്മായിൽ ശരീഫിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തു | 15000/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 161 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസറുടെ കാര്യാലയങ്ങൾ:- പരപ്പനങ്ങാടി, താനൂർ , പെരുമ്പടപ്പ്,എടപ്പാൾ, കൊണ്ടോട്ടി, വേങ്ങര, തിരൂർ,വളാഞ്ചേരി,മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ,മങ്കട | കർഷക രജിസ്ട്രേഷൻ അപ്ഡേഷനുമായി ബന്ധപ്പെട്ട് നിർവ്വഹിക്കപ്പെടാത്ത പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യാജ രേഖയുണ്ടാക്കി ക്ലെയിം സമർപ്പിച്ച് എ.ഡി.എ ഓഫീസിൽ നിന്നും തുക കൈപ്പറ്റിയതായി കണ്ടെത്തി. | ക്രമക്കേടിന് ഉത്തരവാദികളായ മലപ്പുറം ജില്ലയിലെ വിവിധ കൃഷി ഓഫീസർമാർക്കെതിരെ വകുപ്പു തല അച്ചടക്ക നടപടി സ്വീകരിക്കാനും ടി ഓഫീസർമാരിൽ നിന്നും ആകെ 278354/- രൂപ 18% പലിശ സഹിതം ഈടാക്കാനും ശുപാർശ നൽകി. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 162 | ക്ഷീര വികസന വകുപ്പ്<br>മലപ്പുറം | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം) ശ്രീ . ശ്രീകുമാറിൽ നിന്നും 4677/- രൂപ 18% പലിശ സഹിതം ഈടാക്കാൻ ശുപാർശ ചെയ്തു. | ,, |
| 163 | 1.കൃഷി ഭവൻ, ആലങ്കോട്,<br>2.സബ് ട്രഷറി,ചങ്ങരംകുളം | കരാർ അടിസ്ഥാനത്തിൽ നിയമിതയായ കൃഷി ഓഫീസർ ശ്രീമതി. ഇർഫാനയ്ക്ക് ഡി. ഡി.ഒ പദവി അനുവദിച്ചതായും അത് ഉപയോഗിച്ച് ബില്ലുകൾ മാറിയതായും കണ്ടെത്തി. | ടി ഉദ്യോഗസ്ഥയ്ക്ക് സ്പെസിമെൻ സിഗ്നേച്ചർ കാർഡ് അനുവദിക്കുകയും ബില്ലുകൾ പാസ്സാക്കി നൽകുകയും ചെയ്തതിന് കാരണക്കാരായ ചങ്ങരംകുളം സബ് ട്രഷറി ഓഫീസർക്കെതിരെയും, ആലങ്കോട് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.നന്ദകുമാറിനെതിരെയും വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ശ്രീമതി. ഇർഫാനയെ പ്രസ്തുത സ്ഥാനത്തു നിന്നും മാറ്റുന്നതിനും ശുപാർശ നൽകി. | ,, |
| 164 | എ. എൽ .പി സ്കൂൾ,<br>പള്ളിക്കൽ | ഉച്ച ഭക്ഷണ പദ്ധതി നടത്തിപ്പിൽ 24900 രൂപയുടെ സാമ്പത്തിക തിരിമറി കണ്ടെത്തി. | 24900/- രൂപ 18 % പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തു | ,, |
| 165 | മലപ്പുറം ജില്ലാ ശുചിത്വ മിഷൻ കോ -ഓഡിനേറ്ററുടെ കാര്യാലയം | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ജില്ലാ ശുചിത്വ മിഷൻ കോ ഓഡിനേറ്റർ ശ്രീ.ടി.പി.ഹൈദർ അലിയിൽ നിന്നും 12,500 രൂപ ഈടാക്കാൻ ശുപാർശ നൽകി. | |
| 166 | താലൂക്ക് ഓഫീസ്<br>നെടുമങ്ങാട് | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | അഡിഷണൽ തഹസിൽദാറിൽ നിന്നും 5,580 രൂപ ഈടാക്കാൻ ശിപാർശ ചെയ്തു കൊണ്ട് റിപ്പോർട്ട് ഭരണവകുപ്പിന് കൈമാറി. | ,, |
| 167 | ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. എം. ടെറേഷ്യസിനെതിരെയുള്ള പരാതി | ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. എം. ടെറേഷ്യസ് യാത്രാപ്പടി ഇനത്തിൽ അനധികൃതമായി 2,21,732/- രൂപ കൈപ്പറ്റിയതായി കണ്ടെത്തി. | അനധികൃതമായി കൈപ്പറ്റിയ 2,21,732/- രൂപ ശ്രീ. എം. ടെറേഷ്യസിൽ നിന്നും 18% പിഴപ്പലിശയോടുകൂടി തിരിച്ചു പിടിക്കുന്നതിനും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ശിപാർശ നൽകി. | ,, |
| 168 | ഇരുമ്പിളിയം കൃഷിഭവൻ,<br>മലപ്പുറം | സർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകിയ ചെക്കുകളിൽ ബോധപൂർവ്വമായ വീഴ്ചകൾ വരുത്തി തെറ്റായ അക്കൗണ്ട് നമ്പറുകൾ രേഖപ്പെടുത്തിയതായി കണ്ടെത്തി. | സീനിയർ അഗ്രികൾച്ചർ അസിസ്റ്റന്റ് ശ്രീ.മണികണ്ഠനെ ഉടൻ പ്രാബല്യത്തോടെ ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റാൻ ശുപാർശ ചെയ്തു | ,, |
| 169 | ഡയറി എക്സെൻഷൻ സർവ്വീസ് യൂണിറ്റ്,<br>പെരുമ്പടപ്പ് | 2009-2010ൽ ആർ .കെ. വി. വൈ പദ്ധതിയിലെ ഗുണഭോക്താവിന് സബ്സിഡി ഇനത്തിൽ അനധികൃതമായി 15,000/- രൂപ നൽകിയതായി കണ്ടെത്തി. | അനധികൃതമായി നൽകിയ തുക ഈടാക്കാൻ ശുപാർശ ചെയ്തു. | |

| | | | | |
|---|---|---|---|---|
| 170 | 1.ജില്ലാ കുടുംബശ്രീ മിഷൻ , മലപ്പുറം , 2.ജില്ലാ പഞ്ചായത്ത്, മലപ്പുറം3.എടക്കര അഗ്രോ പ്രൊഡ്യൂസർ കമ്പനി | ഭരണാനുമതി ലഭിച്ച പ്രൊജക്ട് പ്രപ്പോസലിൽ നിന്നു വ്യതിചലിച്ചുകൊണ്ട് പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചതായും സ്റ്റോർ പർച്ചേസ് നിബന്ധനകൾക്ക് വിരുദ്ധമായി technical advice ലഭിക്കുന്നതിന് മുൻപ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചതായും കണ്ടെത്തി. | പ്രൊജക്ട് നിർവ്വഹണ ഉദ്യോഗസ്ഥനും കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്ററുമായ ശ്രീ. മുഹമ്മദ് ഇസ്മയിലിനെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി ശുപാർശ ചെയ്തു. | ,, |
| 171 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യലയത്തിലെ വാഹന ദുരുപയോഗം | സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറായ ശ്രീ.സുഗുണനിൽ നിന്നും 15000/- രൂപ ഈടാക്കാൻ ശുപാർശ ചെയ്തു. | ,, |
| 172 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കിഴിശ്ശേരി | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ ക്രമക്കേട് കണ്ടെത്തി. | സ്റ്റോക്കിൽ ചേർത്ത് ക്ലിയർ ചെയ്യാതിരുന്ന അരിയുടെ വിലയായ 1,18,175/- രൂപ 18% പലിശയും പ്രധാനാദ്ധ്യാപികയിൽ നിന്നും നൂൺമീൽ ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കുവാൻ ശുപാർശ ചെയ്തു. | ,, |
| 173 | വെള്ളനാട് ഗ്രാമപഞ്ചായത് | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | ഗ്രാമപഞ്ചയത്ത് സെക്രട്ടറിയുടെയും ബന്ധപെട്ട ഡ്രൈവറുടെയും പക്കൽ നിന്ന് 8,140/- രൂപ ഈടാക്കാൻ ശിപാർശ ചെയ്തു. | ,, |
| 174 | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി. | BDO പക്കൽ നിന്നും 10,580 രൂപ ഈടാക്കാനും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാനും ശിപാർശ ചെയ്തു. | ,, |
| 175 | തുമ്പ പോലീസ് സ്റ്റേഷൻ | ടി.ആർ 5 രശീതികളിൽ തിരിമറി നടത്തി 26,800/- രൂപ അപഹരിച്ചതായി കണ്ടെത്തി. | ഗ്രേഡ് സബ് ഇൻസ്പെക്ടറായ ശ്രീ. ഓമനക്കുട്ടൻ നായരിൽ നിന്നും 26,800/- രൂപ 18% പലിശ സഹിതം ഈടാക്കുന്നതിനും, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തു. | ,, |
| 176 | കറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബങ്കുകളുടെ ലേലത്തിൽ സെക്രട്ടറി ക്രമക്കേട് നടത്തി വൻതുക സാമ്പത്തിക നഷ്ടം വരുത്തിയതായും, കുടിവെള്ള പദ്ധതിയ്ക്കായി പമ്പ് സെറ്റ് സ്ഥാപിച്ച വകയിൽ ക്രമക്കേട് നടത്തിയതായും കണ്ടെത്തി. | ഗ്രാമപഞ്ചായത്തിന് വരുമാനയിനത്തിൽ നഷ്ടം വന്ന 478521/- രൂപ 18% പലിശ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഷൈജു വർഗ്ഗീസിൽ നിന്ന് ഈടാക്കുന്നതിനും കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ഉയർന്ന ശേഷിയുള്ള പമ്പ് സെറ്റ് സ്ഥാപിച്ചതായി രേഖകൾ ചമച്ച ക്രമക്കേടിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പ് തല നടപടികളും സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. | ,, |

| | | | | |
|---|---|---|---|---|
| 177 | പെരുമൺ എൻജിനീറിംഗ് കോളേജ് | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പരിപാടി നടത്താൻ അനുവദിച്ച ഫണ്ട് മാനദണ്ഡങ്ങൾക്ക് ഘടകവിരുദ്ധമായി ചെലവഴിച്ചതായി കണ്ടെത്തി. | ബൈക്ക് സ്റ്റണ്ടിനും ഡി.ജെ നൈറ്റിനായും ചെലവഴിച്ച തുകയും.(1,30,500/- രൂപ) വിനോദ നികുതിയിനത്തിൽ അടച്ച 7,458/- രൂപയും, പാസ്സുകൾ പ്രിന്റ് ചെയ്ത ഇനത്തിൽ ചെലവഴിച്ച 6800/- രൂപയും പാഴ്ചെലവായി കണക്കാക്കി കോളേജ് അധികൃതരിൽ നിന്നും വസൂലാക്കുന്നതിനുള്ള ശുപാർശകളടങ്ങിയ പരിശോധന റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറി . | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 178 | സംസ്ഥാന ഫാർമസി കൗൺസിൽ | തൽക്കാൽ രജിസ്ട്രേഷൻ സ്കീം ഇനത്തിൽ അപേക്ഷകരിൽ നിന്നും സ്വീകരിച്ച തുകയിൽ ഫാർമസി ആക്ട് 1948 ലെ ചട്ടങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ ഓവർ ടൈം അലവൻസായി പ്രസിഡന്റിനും, രജിസ്ട്രാർക്കും, മറ്റ് ജീവനക്കാർക്കുമായി വിതരണം ചെയ്തതായി കണ്ടെത്തി. | സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ ഓവർ ടൈം അലവൻസായി പ്രസിഡന്റിനും, രജിസ്ട്രാർക്കും, മറ്റ് ജീവനക്കാർക്കുമായി വിതരണം ചെയ്തതായി കണ്ടെത്തിയ 4,48,350/- രൂപ അടിയന്തിരമായി തിരിച്ചുപിടിച്ച് കൗൺസിലിന്റെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും 2012 ഡിസംബർ മുതൽ 2014 മേയ് വരെയുള്ള കാലയളവിൽ സിറ്റിംഗ് ഫീസ് ഇനത്തിൽ നിലവിലെ കൗൺസിൽ പ്രസിഡന്റ് ശ്രീ.ബി രാജൻ അനർഹമായി കൈപ്പറ്റിയ 1,26,250/- രൂപ 18% പലിശ സഹിതം ടിയാനിൽ നിന്ന് തിരിച്ച്പിടിച്ച് കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണെന്നും ശുപാർശ ചെയ്തു. | ,, |
| 179 | ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി, സംസ്ഥാന ബ്രാഞ്ച്, തിരുവനന്തപുരം | കൈപ്പറ്റിയ അഡ്വാൻസ് തുകയിൽ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാതിരിക്കുക, വൗച്ചറുകൾ ഹാജരാക്കാതിരിക്കുക, വായ്പ നൽകിയ ഇനത്തിൽ അധികമായി തുക കൈപ്പറ്റുക, ഔദ്യോഗിക വാഹനത്തിന്റെ ദുരുപയോഗം നടത്തുക എന്നീ ക്രമക്കേടുകൾ കണ്ടെത്തി. | സൊസൈറ്റി മുൻ ഭാരവാഹികളായ ശ്രീ.സുനിൽ.സി.കുര്യൻ 13,69,360/- രൂപയും ശ്രീ.ചെമ്പഴന്തി അനിൽ 4,76,605/- രൂപയും ശ്രീ.രജിത് രാജേന്ദ്രൻ 54,028/- രൂപയും എന്നിവരിൽ നിന്ന് 18% പലിശ സഹിതം തിരിച്ച പിടിക്കേണ്ടതാണെന്നുള്ള ശിപാർശ ചെയ്തു റിപ്പോർട്ട് ഭരണ വകുപ്പിനു കൈമാറുകയും ചെയ്തു. | ,, |
| 180 | സബ് ട്രഷറി, കരുനാഗപ്പള്ളി | ശ്രീ.എൻ.വിമലൻ പുനർ വിവാഹിതനായതിനു ശേഷം അനർഹമായി കുടുംബ പെൻഷൻ കൈപ്പറ്റി. | അനർഹമായി കൈപ്പറ്റിയ **11,50,720/- രൂപ** 18% പലിശ സഹിതം ടിയാനിൽ നിന്ന് റവന്യൂ റിക്കവറി മുഖേനയോ മറ്റ് മാർഗ്ഗങ്ങൾ മുഖേനയോ അടിയന്തിരമായി തിരിച്ചുപിടിക്കുവാൻ ശിപാർശ ചെയ്തു റിപ്പോർട്ട് ഭരണ വകുപ്പിനു കൈമാറി. | ,, |

| | | | | |
|---|---|---|---|---|
| 181 | കേരള ലളിത കലാ അക്കാദമി, തൃശ്ശൂർ | കൈപ്പറ്റിയ അഡ്വാൻസ് തുക 04.10.2011 ലെ സ.ഉ(അച്ചടി) നം.419/2011/ധന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൈയ്യിൽ സൂക്ഷിക്കുക, TR-05 ഇനത്തിലുള്ള വരവ് തുക നാളിതുവരെ അക്കാദമി വികസന അക്കൗണ്ടിൽ ഒടുക്കു വരുത്താതിരിക്കുക, എക്സിക്യൂട്ടീവ് കമ്മിറ്റി ചെലവുകൾക്കായി മുൻകൂർ പിൻവലിച്ച തുകയിൽ തിരിച്ചടയ്ക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തി. | TR-05 ഇനത്തിലുള്ള വരവ് തുകയായ **10,238/- രൂപ** 18% പലിശ സഹിതം അക്കാദമി അക്കൗണ്ടന്റായിരുന്ന **ശ്രീമതി**. താഹിറ നിന്നും ഈടാക്കി അക്കൗണ്ടിൽ ഒടുക്കുവാൻ ശിപാർശ ചെയ്തു. 2.02.2016ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി ചെലവുകൾക്കായി മുൻകൂർ പിൻവലിച്ച തുകയിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന 12,230/- രൂപ 18% പലിശ സഹിതം(ശ്രീ. സന്ദീപിൽ നിന്നും ഈടാക്കി അക്കാദമി അക്കൗണ്ടിൽ മുതൽ കൂട്ടാൻ ശിപാർശ നൽകി. 2016 മാർച്ച് 4 മുതൽ 6 വരെ നാസിക്കിൽ സംഘടിപ്പിച്ച പൈതൃകോത്സവം എന്ന പരിപാടിയ്ക്കായി അഡ്വാൻസായി പിൻവലിച്ച തുകയിൽ ശ്രീ. സന്ദീപ് കൈയ്യിൽ സൂക്ഷിച്ചിരുന്ന തുകയിന്മേൽ, തിരിച്ചടവ് തീയതി വരെയുള്ള 18% പലിശ കണക്കാക്കി അടിയന്തിരമായി ഈടാക്കി അക്കാദമി വികസന ഫണ്ടിൽ ഒടുക്കു വരുത്തുവാൻ ശിപാർശ നൽകി. | " |
| 182 | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | തൃശ്ശൂർ ചിൽഡ്രൻസ് ഹോമിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രവികുമാർ കെ വ്യാജ രേഖ ചമച്ച് പണാപഹരണവും ഗുരുതരമായ അച്ചടക്കലംഘനവും നടത്തിയതായും, ചിൽഡ്രൻസ് ഹോമിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ വ്യാജ ഒപ്പിട്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച 11,72,900/- രൂപയിൽ വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്കായി ചെലവഴിച്ച വകയിൽ 2,56,176/- രൂപയുടെ വൗച്ചറുകൾ ക്രമീകരിക്കാതിരിക്കുക, തുടങ്ങിയ ക്രമക്കേടുകൾ പരിശോധനയിൽ കണ്ടെത്തി. | തൃശ്ശൂർ ചിൽഡ്രൻസ് ഹോമിലെ സീനിയർ ക്ലാർക്കായിരുന്ന **ശ്രീ.** കെ രവികുമാറിനെ അടിയന്തിരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യാൻ ശിപാർശ ചെയ്തു. **ശ്രീ.** രവികുമാർ.കെ യുടെ പേരിലുള്ള സാമ്പത്തിക ബാധ്യത 9,16,724/- രൂപയും വ്യാജ ഒപ്പിട്ട് പിൻവലിച്ച് തുകകളിന്മേലുള്ള 18% പിഴപലിശയുമടക്കം 9,50,000/- രൂപയിൽ അധികരിക്കുന്ന തുക ശ്രീ.കെ.രവികുമാറിൽ നിന്ന് അടിയന്തിരമായി വസൂലാക്കുവാൻ ശിപാർശ ചെയ്തു. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചവരുത്തിയ ചിൽഡ്രൻസ് ഹോം സൂപ്രണ്ട് ശ്രീ. എ.എ. ഷറഫുദ്ദീനെനെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ശിപാർശ നൽകി. | " |
